ബാപ്ദാദ അങ്ങനെയുള്ള പുരുഷാർത്ഥികളെ കുട്ടികൾ എന്നല്ലാതെ എന്താണ് പറയുക?അവർ കുട്ടികളല്ല ദുർബലരാണ്.ഇപ്പോൾവരെയും പുരുഷാർത്ഥം ചെയ്യുന്ന കുട്ടികൾ സ്വമാനത്തിന്റെ യോഗ്യത കാണിക്കുന്നില്ല.അതിനാൽ ബാപ്ദാദ പറയുകയാണ് കഴിഞ്ഞുപോയത് കഴിഞ്ഞു.ഇപ്പോൾ മുതൽ സ്വയത്തെ പരിവർത്തനപ്പെടുത്തു.മഹാരഥി ആകുന്ന കുട്ടികൾ കേവലം രണ്ടുകാര്യങ്ങളിൽ ശ്രദ്ധ വെക്കണം. ഒന്ന് സ്വയത്തെ സദാ കൂട്ടുകാരന്റെ കൂടെ വെക്കണം.കൂട്ടുകാരനും സാരഥിയും അവർ തന്നെയാണ് മഹാരഥി.പുരുഷാർത്ഥത്തിൽ കുറവ് വരാൻ രണ്ട് കാരണങ്ങളുണ്ട്.ബാബയോട് സ്നേഹമുണ്ട് എന്നാൽ ബാബയെ കൂട്ടുകാരനാക്കിയില്ല.അഥവാ ബാബയെ സദാ കൂട്ടുകാരനാക്കിയാൽ അതായത് എവിടെയാണോ ബാപ്ദാദ കൂടെയുള്ളത് അവിടെ നിന്ന് മായ ദൂരേക്ക് അകന്ന് പോകുന്നു.ബാപ്ദാദയെ അല്പസമയതേക്ക് മാത്രം കൂടെ വെച്ചാൽ ശക്തികൾ അത്രത്തോളം പ്രാപ്തമാകില്ല.സദാ ബാപ്ദാദ കൂടയുണ്ടെങ്കിൽ സദാ ബാപ്ദാദയുമായുള്ള മിലനത്തിൽ മഗ്നമായിരിക്കാൻ കഴിയും.അങ്ങനെ ആരാണോ മഗ്നമായിരിക്കുന്നത് അവരുടെ ശ്രദ്ധ മറ്റൊന്നിലേക്കും പോകില്ല.ആദ്യകാലത്ത് കുട്ടികൾ ബാബയോട് ഏതൊരു പ്രതിജ്ഞയാണ് ചെയ്തത്?നിന്റെ കൂടെ മാത്രം ഇരിക്കും,കഴിക്കും,നിന്നോട് ആത്മീയസംഭാഷണം നടത്തും എന്നൊക്കെ.ഈ പ്രതിജ്ഞ മറന്നുപോയോ?ദിവസം മുഴുവൻ ഓരോ കാര്യവും ബാബയെ കൂടെ വെച്ച് നടത്തുകയാണെങ്കിൽ എന്താ മായ ശല്യപ്പെടുത്താൻ വരുമോ?മായയുടെ വിനാശം ഉണ്ടാകും.അച്ഛനോട് സ്നേഹമുണ്ടെങ്കിലും കൂട്ടുകാരനാക്കി മാറ്റിയിട്ടില്ല.കൈ പിടിച്ച് കൂടെ നടക്കാത്തതിനാൽ മായയുടെ അടിയേൽക്കുന്നു.തെറ്റുകൾ അശ്രദ്ധ കാരണമാണ് വരുന്നത്.അശ്രദ്ധ തെറ്റുകൾ ചെയ്യിച്ചുകൊണ്ടിരിക്കുന്നു.**(23.10.1970).**

സമ്പൂർണ്ണമാകുന്നതിൽ വ്യർത്ഥസങ്കൽപ്പങ്ങളുടെ കൊടുങ്കാറ്റ് വിഘ്നമുണ്ടാക്കുന്നു ഇത് ഭൂരിഭാഗം പേരുടെയും പരാതിയാണ്.ഇപ്പോൾ ഇതിനെ ഇല്ലാതാക്കാൻ യുക്തികൾ പറഞ്ഞു തരുകയാണ്.മനസ്സിന്റെ വ്യർത്ഥസങ്കൽപ്പങ്ങളുടെ പരാതികൾ എങ്ങനെ ഇല്ലാതാക്കും?ഓർമ്മയുടെ കാര്യം മുഖ്യമായതാണ് എന്നാൽ ഇതിനുവേണ്ടി വ്യത്യസ്ഥ യുക്തികൾ ഉണ്ട്.അത് ഏതൊക്കെയാണ്?വലിയ ആളുകളുടെ അടുത്ത് അവരുടെ അപ്പോയിന്റ്മെന്റിന്റെ ഡയറി ഉണ്ടായിരിക്കും.അവരുടെ ഓരോ മണിക്കൂറും നേരത്തെ ഫിക്സ് ചെയ്തതായിരിക്കും.നിങ്ങളും വലിയ ആളുകൾ തന്നെയല്ലേ.അമൃതവേള മുതൽ ദിവസം മുഴുവനും ഉള്ള തന്റെ അപ്പോയിന്റ്മെന്റ് ഡയറി ഉണ്ടാക്കണം.തന്റെ മനസ്സിനെ മുഴുവൻ സമയവും അപ്പോയിന്റ്മെന്റിൽ ബിസിയാക്കി വെച്ചാൽ ഇടയ്ക്ക് വ്യർത്ഥ സങ്കല്പങ്ങൾക്ക് കയറിവരാൻ സമയം ഉണ്ടാവില്ല.അപ്പോയിന്റ്മെന്റിൽ നിന്ന് ഫ്രീ ആയിരിക്കുകയാണെങ്കിൽ വ്യർത്ഥ സങ്കൽപ്പങ്ങൾക്ക് കയറി വരാൻ സാധിക്കും.അതിനാൽ സമയത്തെ ബുക്കിംഗ് ചെയ്യുന്ന രീതി പഠിക്കണം.ഇന്നത്തെ ദിവസം മുഴുവൻ എന്തൊക്കെ ചെയ്യണം എന്ന അപ്പോയിന്റ്മെന്റ് സ്വയം തന്നെ ഉണ്ടാക്കണം.അപ്പോൾ സമയം സഫലമാകും മനസ്സിനെ ഏതിനോടെങ്കിലും ബന്ധിപ്പിച്ചിരിക്കണം.ഇതിന് വേണ്ടി നാല് കാര്യങ്ങൾ പറഞ്ഞു തരുകയാണ്.1-മിലനം,2-വർണ്ണനം,3-മഗ്നാവസ്ഥ,4-ആകർഷണം.

ആകർഷണം എന്ന അവസ്ഥയിലെത്താൻ വളരെയധികം സമയമെടുക്കുന്നു അപ്പോൾ മഗ്നാവസ്ഥയിൽ വളരെ കുറഞ്ഞ സമയമേ ഇരിക്കുന്നുള്ളൂ.വർണ്ണന എന്ന് പറഞ്ഞാൽ സേവനമാണ്.ആത്മീയസംഭാഷണം ചെയ്യുന്നതിനെയാണ് മിലനം എന്ന് പറയുന്നത്.ബാപ്ദാദയെ ലഭിച്ചല്ലോ. അതിനാൽ ഈ നാലുകാര്യങ്ങളിലും തന്റെ സമയത്തെ ഉറപ്പിക്കൂ.ദിവസം മുഴുവനുമുള്ള ദിനചര്യ ഉറപ്പിക്കുന്നതിന് വേണ്ടി അപ്പോയിന്റ്മെന്റ് വെക്കുകയാണെങ്കിൽ ഇടയ്ക്ക് വന്ന് നമ്മളെ ശല്യപ്പെടുത്താനുള്ള സമയം വ്യർത്ഥസങ്കൽപ്പങ്ങൾക്ക് ലഭിക്കുകയില്ല.വലിയ ആളുകൾക്ക് ഒരുപാട് തിരക്കുള്ളത് കാരണം മറ്റൊന്നിലേക്കും അവരുടെ ശ്രദ്ധ പോകുന്നേയില്ല.അതുപോലെ നമ്മുടെ ദിനചര്യയുടെ സമയവും ക്രമീകരിച്ചു വെക്കണം.ഇത്ര സമയം ഈ കാര്യങ്ങൾക്ക് വേണ്ടി മാറ്റി വെച്ചു. ഈ സമയം ഈ കാര്യത്തിനാണ് മാറ്റിവെക്കുന്നത് എന്നിങ്ങനെ അപ്പോയിന്റ്മെന്റ് നിശ്ചയിച്ചു വെക്കണം.അപ്പോൾ പരാതികൾ സമാപ്തമാകുകയും സമ്പൂർണനാകുകയും ചെയ്യും.**(05.11.1970)**

## അമൃതവേളയിൽ തുടങ്ങി പരിവർത്തന ശക്തികളുടെ പ്രയോഗം

ഇന്ന് ബാപ്ദാദ വർത്തമാനത്തിലെയും ഭാവിയിലെയും രാജ്യാധികരികളെ വിശ്വകല്യാണകാരി, വിശ്വ രാജ്യാധികാരി എന്നീ രണ്ടു നിലയിൽ നോക്കി കൊണ്ടിരിക്കുകയാണ്.എത്രത്തോളം വിശ്വകല്യാണ കാരിയാകുന്നുവോ അത്രയും വിശ്വരാജ്യാധികാരിയായി തീരും.ഈ രണ്ടു അധികാരങ്ങളെയും പ്രാപ്തമാക്കുന്നതിന് വിശേഷമായി സ്വപരിവർത്തനത്തിന്റെ ശക്തി വേണം.പരിവർത്തന ശക്തിയെ അമൃതവേള തൊട്ട് രാത്രി വരെ എങ്ങനെയാണ് കാര്യത്തിൽ കൊണ്ടുവരേണ്ടതെന്ന് ആ ദിവസങ്ങളിലും കേട്ടിരുന്നു.

**ആദ്യ പരിവർത്തനം-**കണ്ണ് തുറന്നു കൊണ്ട് ഞാൻ ശരീരമല്ല ആത്മാവാണ് ആദി സമയത്തെ ആദി പരിവർത്തന സങ്കല്പം.ഈ ആദി സങ്കൽപ്പത്തിന്റെ കൂടെയാണ് മുഴുവൻ ദിവസത്തിന്റെയും ദിനചര്യയുടെ ആധാരമുള്ളത്.ഈ ആദി സങ്കൽപ്പത്തിൽ പരിവർത്തനം വന്നിട്ടില്ലെങ്കിൽ ദിവസം മുഴുവനും അതായത് സ്വരാജ്യത്തിൽ സഫലത ഉണ്ടാവില്ല.ആദി സമയത്തുള്ള ഈ പരിവർത്തന ശക്തിയെ കാര്യത്തിൽ കൊണ്ടുവരണം.സൃഷ്ടിയുടെ ആദിയിൽ ബ്രഹ്മാവിൽ നിന്ന് ദേവാത്മാവ് അതായത് സതോപ്രധാന ആത്മാവ് ഭാഗം അഭിനയിക്കാൻ വന്നു.അതുപോലെ ദിവസവുമുള്ള അമൃതവേള ആദികാലമാണ്.അതിനാൽ ഈ ആദികാലത്തിൽ ഉണർന്നെഴുന്നേൽക്കുമ്പോൾ ഉണ്ടാവേണ്ട ആദിസങ്കല്പം ഞാൻ ബ്രാഹ്മണ ആത്മാവ് ബാബയുമായുള്ള മിലനം ആഘോഷിക്കാൻ വന്നിരിക്കുകയാണ്.ഇത് സമർത്ഥ സങ്കല്പം,ശ്രേഷ്ഠ സങ്കല്പം,ശ്രേഷ്ഠ വാക്ക്, ശ്രേഷ്ഠ കർമ്മം,ഇവയുടെ ആധാരമായി തീരും.**ആദ്യ പരിവർത്തനം ഞാൻ ആര്? എന്നതാണ്.**ഈ അടിത്തറയാണ് പരിവർത്തന ശക്തിയുടെ ആധാരം.

ഇതിനു ശേഷം **ഞാൻ ആരുടെതാണ്?എല്ലാ സംബന്ധങ്ങളും ആരോടാണ്? എന്നതാണ്.** സർവ പ്രാപ്തികളും ആരിൽ നിന്നാണ് വരുന്നത്.ആദ്യം ദേഹത്തിന്റെ പരിവർത്തനം.പിന്നീട് ദേഹ സംബന്ധങ്ങളുടെ പരിവർത്തനം.അതിനു ശേഷം സംബന്ധത്തിന്റെ ആധാരത്തിൽ പ്രാപ്തികളുടെ പരിവർത്തനം.ഈ പരിവർത്തനത്തെയാണ് സഹജമായ ഓർമ്മ എന്ന് പറയുന്നത്.അതിനാൽ ആദിയിലുള്ള പരിവർത്തന ശക്തിയുടെ ആധാരത്തിൽ അധികാരിയായി തീരുന്നു.

അമൃതവേളയ്ക്ക് ശേഷം തന്റെ ദേഹത്തിന്റെ കാര്യങ്ങൾ ചെയ്യുന്നതിന് വേണ്ടി ഏതൊരു പരിവർത്തനമാണ് ആവശ്യമായിട്ടുള്ളത്?അതിലൂടെ നിരന്തരം സഹജയോഗിയായി തീരുന്നു.ഞാൻ സർവ്വശ്രേഷ്ഠ ചൈതന്യ മൂർത്തിയാണ് ചൈതന്യ മൂർത്തിയുടെ ഈ ശരീരം ചൈതന്യ ക്ഷേത്രമാണ്.എന്ന സങ്കല്പം സദാ വെക്കണം.ശരീരമാകുന്ന ഈ മന്ദിരത്തെ അലങ്കരിക്കുകയാണ്.ഈ മന്ദിരത്തിന്റെ ഉള്ളിൽ ബാപ്ദാദയുടെ പ്രിയമൂർത്തി വിരാജിച്ചു കൊണ്ടിരിക്കുന്നു.ഈ മൂർത്തിയുടെ ഗുണങ്ങളുടെ മാല ബാപ്ദാദയെ സ്വയം സ്മരിച്ചുകൊണ്ടിരിക്കുന്നു.ഈ മൂർത്തിയുടെ മഹിമ സ്വയം ബാബയാണ് ചെയ്യുന്നത്.അങ്ങനെയുള്ള വിശേഷ മൂർത്തിയുടെ വിശേഷ മന്ദിരമാണ് ഇത്.മൂർത്തിക്ക് എത്ര മൂല്യമുണ്ടോ അത്രയും മൂല്യം ആ മൂർത്തി വിരാജിക്കുന്ന ക്ഷേത്രത്തിനുമുണ്ട്.അതിനാൽ പരിവർത്തന സങ്കല്പം എന്താണ് വെക്കേണ്ടത്? ഇത് എന്റെ ശരീരമല്ല ബാപ്ദാദയുടെ വളരെ പ്രിയപ്പെട്ട മൂർത്തി വിരാജിക്കുന്ന ക്ഷേത്രമാണ് മൂർത്തി സ്വയം ട്രസ്റ്റീ ആയിരുന്ന് അമ്പലത്തെ അലങ്കരിക്കണം.ഈ പരിവർത്തന ശക്തിയുടെ ആധാരത്തിലാണ് എന്റെ എന്ന ബോധം അതായത് ദേഹബോധം പരിവർത്തനപ്പെടുന്നത്.ഇതിന് ശേഷം തന്റെ ഈശ്വരീയ വിദ്യാർഥി എന്നാ രൂപം സദാ സ്മൃതിയിൽ വെക്കണം.ഇതിൽ വിശേഷിച്ച് ഏതൊരു പരിവർത്തന സങ്കൽപ്പമാണ് വേണ്ടത്?ഓരോ നിമിഷത്തിലെയും പഠനത്തിലൂടെയും ഓരോ അമൂല്യ വാക്കുകളുടെ ധാരണയിലൂടെയും വർത്തമാനത്തിലെയും ഭാവിയിലെയും ശ്രേഷ്ഠ പ്രാലബ്ധം ലഭിക്കുന്നു.ഇതിന് വേണ്ടി സദാ ഈ പരിവർത്തന സങ്കൽപ്പം വെക്കണം ഞാൻ സാധാരണ വിദ്യാർഥിയല്ല.ഇതൊരു സാധാരണ പഠനവുമല്ല.ബാബ ദൂരദേശത്ത് നിന്ന് നേരിട്ട് വന്ന് ദിവസവും നമ്മളെ പഠിപ്പിക്കുകയാണ് ഇത് ഭഗവാനാൽ ഉച്ചരിക്കപ്പെട്ട പഠനമാണ്.ശ്രീ ശ്രീയുടെ ശ്രീമതമാണ് നമ്മുടെ പഠനം.ഈ പഠനത്തി

ലെ ഓരോ വാക്കുകളും കോടികളുടെ സമ്പാദ്യം നേടിതരുന്നതാണ്.അഥവാ ഇതിലെ ഏതെങ്കിലും ഒരു വാക്കു പോലും ധാരണ ചെയ്യാതെ പോവുകയാണെങ്കിൽ അനേക ജന്മങ്ങളിലെ സമ്പാദ്യത്തിലാണ് കുറവ് വരുന്നത്.ഭഗവാൻ പറയുകയാണ് ഞങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ് ഈ പരിവർത്തന സങ്കല്പം കൊണ്ടുവരണം.എനിക്ക് വേണ്ടി ബാബ അധ്യാപകനായി വന്നിരിക്കുകയാണ്.ഞാൻ ബാബയുടെ വിശേഷ അരുമകുട്ടിയാണ്.ഇതിനാൽ ബാബ എനിക്ക് വേണ്ടിയാണ് വന്നിരിക്കുന്നത്.എവിടെ നിന്ന് വന്നു,ആരാണ് വന്നത്,എന്താണ് പഠിപ്പിക്കുന്നത് ഈ പരിവർത്തന ശ്രേഷ്ഠ സങ്കല്പങ്ങൾ ദിവസവും ക്ലാസ്സിന്റെ സമയം ധാരണ ചെയ്ത് പഠിക്കണം.ഇത് സാധാരണ ക്ലാസ്സല്ല.കേൾപ്പിക്കുന്ന വ്യക്തിയെ കാണരുത്.എന്നാൽ പറയുന്ന വാക്കുകൾ ആരിലൂടെയാണ് വരുന്നത് അവരെ കാണൂ.വ്യക്തത്തിൽ അവ്യക്ത ബാബയെയും നിരാകാരി ബാബയെയും കാണണം.അതിനാൽ എന്ത് പരിവർത്തനമാണ് നടത്തേണ്ടതെന്ന് മനസ്സിലായോ?മുന്നോട്ട് പോകൂ പഠിക്കൂ.ശരി ഇപ്പോൾ എന്താണ് ചെയ്യേണ്ടത്?ഇപ്പോൾ സേവനത്തിന്റെ ഭാഗമാണ് വന്നിരിക്കുന്നത്.സേവനം പ്രവൃത്തിയിലാകട്ടെ വ്യവഹാരത്തിലാകട്ടെ ഈശ്വരീയ സേവയാകട്ടെ കർമ്മബന്ധനത്തിന്റെ ആധാരത്തിലുള്ള ലൗകിക സേവയാകട്ടെ എന്നാൽ ഈ പരിവർത്തന സങ്കല്പം വെക്കണം അതായത് മർജീവ ജന്മം അർത്ഥം ലൗകിക കർമ്മബന്ധനം സമാപ്തമാക്കി എന്ന്.ഇതൊക്കെ കർമ്മബന്ധനം ആണെന്ന് മനസ്സിലാക്കി നടക്കരുത്.കർമ്മബന്ധനമാണ് എന്ന് ചിന്തിക്കുകയും പറയുകയും ചെയ്യുന്നതിലൂടെ ബന്ധനത്തിൽപ്പെടുന്നു.എന്നാൽ ഈ ലൗകിക കർമ്മബന്ധനത്തിന്റെ സംബന്ധം ഇപ്പോൾ മർജീവാ ജന്മത്തിന്റെ കാരണത്താൽ ശ്രീമതത്തിന്റെ ആധാരത്തിലൂടെ സേവനത്തിന്റെ ആധാരമായി തീർന്നു.ഇത് ഒരിക്കലും കർമ്മബന്ധനമല്ല സേവനത്തിന്റെ സംബന്ധമാണ്.സേവനത്തിന്റെ സംബന്ധത്തിൽ വ്യത്യസ്ഥരായ ആത്മാക്കൾ വരും.ഇവരുടെ ജ്ഞാനത്തെ ധാരണ ചെയ്ത് സേവനത്തെ സംബന്ധമാണെന്ന് മനസ്സിലാക്കി നടക്കുമ്പോൾ ഒരിക്കലും ബന്ധനത്തിൽ വരില്ല.അതി പാപാത്മാക്കൾ,അത്യധികം അപകാരികൾ ഇവരോട് വെറുപ്പ്,ദേഷ്യം,നിരാദരവ് ഇവയ്ക്ക് പകരം വിശ്വകല്യാണ സ്ഥിതിയിൽ ഇരുന്നു കൊണ്ട് കരുണാഹൃദയാരായി അവരോട് കരുണയുടെ ഭാവന വെക്കണം.ഇതെല്ലാം സേവനത്തിന്റെ സംബന്ധമാണെന്ന് മനസ്സിലാക്കി സേവനം ചെയ്യണം.ഒട്ടും പ്രതീക്ഷയില്ലാത്തവരുടെ പോലും സേവനം ചെയ്യുകയാണെങ്കിൽ മികച്ച സമ്മാനത്തിന് അധികാരിയായി തീരും.അവരാണ് പ്രസിദ്ധരായ വിശ്വകല്യാണകാരി എന്ന മഹിമയ്ക്ക് അർഹരാകുന്നത്.അവർക്ക് പീസ് മേക്കർ(സമാധാനം ഉണ്ടാക്കുന്നവൻ) എന്ന സമ്മാനം ലഭിക്കും.അതിനാൽ പ്രവൃത്തിയിൽ ഇരുന്ന് കർമ്മബന്ധനത്തിൽ വരുന്നതിന് പകരം സേവനത്തിന്റെ സംബന്ധത്തിലേക്ക് വരണമെന്ന പരിവർത്തന സങ്കല്പം വെക്കണം.എന്നാൽ സേവനം ചെയ്ത് മുന്നോട്ട് പോകുമ്പോൾ അറ്റാച്ച്മെന്റിലേക്ക് വരരുത്.ചിലപ്പോൾ ഡോക്ടർ രോഗിയോട് അറ്റാച്ച്മെന്റിലേക്ക് വരാറുണ്ട്.

സേവയുടെ സംബന്ധം എന്ന് പറഞ്ഞാൽ ത്യാഗവും തപസ്സുമാണ്.സത്യമായ സേവനത്തിന്റെ ലക്ഷണം ഈ ത്യാഗവും തപസ്സുമാണ്.അതുപോലെ വ്യവഹാരത്തിൽ നിർദേശം അനുസരിച്ച് ശരീര നിർവാഹം ചെയ്യണം എങ്കിലും മൂല ആധാരം ആത്മനിർവാഹമായിരിക്കണം.ശരീര നിർവാഹത്തിനു പുറകെ നടന്ന് ആത്മ നിർവാഹത്തെ മറന്നു പോകരുത്.വ്യവഹാരത്തിൽ ഇരുന്ന് ശരീര നിർവാഹത്തെയും ആത്മനിർവാഹത്തെയും തുല്യ രീതിയിൽ കൊണ്ട് പോകണം.അല്ലെങ്കിൽ വ്യവഹാരത്തിൽ മായ വല വിരിക്കും.ഈ വല വലുതാകുന്നതിന് അനുസരിച്ച് അതിൽ കുടുങ്ങാനുള്ള സാധ്യതയും വർദ്ധിക്കും.ധനത്തെ വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ഓർമ്മയുടെ വിധിയെ മറന്നു പോകരുത്.ഓർമ്മയുടെ വിധിയും ധനത്തിന്റെ അഭിവൃദ്ധിയും ഒരുപോലെ കൊണ്ടുപോകണം.ധനത്തിന്റെ അഭിവൃദ്ധിയുടെ പുറകെ നടന്ന് വിധിയെ ഉപേക്ഷിക്കരുത്.ലൗകികസ്ഥൂല കർമങ്ങളെ കർമ്മയോഗി എന്ന സ്ഥിതിയിലേക്ക് പരിവർത്തനപ്പെടുത്തുക എന്ന് ഇതിനെയാണ് പറയുന്നത്.കർമ്മം എന്ന് പറഞ്ഞാൽ വ്യാവഹാരികം യോഗം എന്ന് പറഞ്ഞാൽ പാരമാർത്ഥികം.പരംപിതാവിന്റെ സേവനാർത്ഥം എന്നതാണ് പാരമാർത്ഥികം കൊണ്ട് ഉദ്ദേശിക്കുന്നത്.വ്യവഹാരവും പരമാർത്ഥവും ഒരുപോലെ കൂടെവെക്കണം.ഇങ്ങനെയുള്ളവരെ ശ്രീമതത്തിലൂടെ നടന്നു പോകുന്ന കർമ്മയോഗി എന്ന് പറയണം.വ്യവഹാരത്തിലേക്ക് കടന്നു

വരുന്ന സമയത്ത് എന്ത് പരിവർത്തനമാണ് നടത്തേണ്ടത്?ഞാൻ കേവലം വ്യവഹാരി മാത്രമല്ല. ഏതൊരു കർമ്മമാണോ ചെയ്യുന്നത് അതെല്ലാം ഈശ്വരാർപ്പണമായി ചെയ്യുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.വ്യവഹാരിയും പരമാർത്ഥിയും കമ്പയിന്റ് ആണ്.ഈ പരിവർത്തന സങ്കല്പം സദാ സ്മൃതിയിൽ ഉണ്ടെങ്കിൽ ശരീരവും മനസ്സും ഡബിൾ പ്രാപ്തി നേടും.സ്ഥൂലധനവും വന്നുചേരും.കൂടാതെ മനസ്സിലൂടെ നശിക്കാത്ത ധനത്തിന്റെ ശേഖരണവും നടത്താം.ഒരു പ്രാപ്തി ശരീരത്തിലൂടെ നടത്തുമ്പോൾ മനസ്സ് കൊണ്ടും സമയം കൊണ്ടും ധനം മറ്റൊരു ഭാഗത്തിലൂടെ ഇരട്ട സമ്പാദ്യം നേടാം.അതിനാൽ സദാ ഇരട്ട സമ്പാദ്യം നേടുന്നവനാണ് എന്നാ സ്മൃതി ഉണ്ടാവണം.ഈ ഈശ്വരീയ സേവനത്തിൽ നിമിത്തമാത്രത്തിന്റെ മന്ത്രവും ചെയ്യിപ്പിക്കുന്നവൻ എന്ന സങ്കൽപ്പവും സദാ സ്മരണയിൽ വരണം.ചെയ്യിപ്പിക്കുന്നവൻ എന്നത് വിസ്മരിക്കരുത്.അങ്ങനെയാണെങ്കിൽ സേവനത്തിൽ സദാ നിർമാണതയോടെ മുന്നോട്ട് പോകാൻ കഴിയും.ശരി......

ഇനിയും മുന്നോട്ട് പോകൂ.മുന്നോട്ട് പോകുന്തോറും അനേക പ്രകാരത്തിലുള്ള വ്യക്തി,വസ്തു വൈഭവങ്ങളുമായി സമ്പർക്കം നടത്തേണ്ടി വരും.വ്യക്തികളുമായി ബന്ധപ്പെടുമ്പോൾ വ്യക്തഭാവത്തിന് പകരം അവരുടെ ആത്മഭാവത്തെ ധാരണ ചെയ്യണം.വസ്തുക്കളിലും വൈഭവങ്ങളിലും അനാസക്ത ഭാവത്തെ ധാരണ ചെയ്യണം.അനാസക്ത ഭാവത്തിൽ വസ്തുക്കളും വൈഭവങ്ങളും ദാസിരൂപത്തിൽ വിധേയപ്പെടുകയും ആസക്ത ഭാവത്തിൽ കാന്തത്തെ പോലെ കുടുക്കുകയും ചെയ്യുന്നു.കുടുങ്ങിയാൽ മുക്തമാകാൻ ആഗ്രഹിച്ചാൽ പോലും മുക്തമാകാൻ കഴിയില്ല.ഇതിനാൽ വ്യക്തിയെ ആത്മഭാവത്തിലേക്കും വൈഭവങ്ങളെ അനാസക്തഭാവത്തിലേക്കും പരിവർത്തനപ്പെടുത്തണം.

ഇനിയും മുന്നോട്ട് പോകൂ.ഈ പഴയ ലോകത്തിലെ ആകർഷണമയ ദൃശ്യം അതായത് അല്പ കാലത്തിലെ സുഖം തരുന്ന സാധനങ്ങൾ ഉപയോഗിക്കുകയും കാണുകയും ചെയ്യുമ്പോൾ സാധനയെ മറന്നുപോകുന്നു.സാധനങ്ങൾക്ക് വശപ്പെട്ടു പോകുന്നു.സാധനങ്ങളുടെ ആധാരത്തിലാണ് സാധനയെങ്കിൽ മണ്ണ് കൊണ്ടുള്ള അടിത്തറയ്ക്ക് മുകളിൽ കെട്ടിടം പണിയുന്നതിന് തുല്യമാണ്.അതിന്റെ അവസ്ഥ എന്താകും നിരന്തരം ഇളക്കവും തകരാറും സംഭവിക്കും.തകർന്നു പോകുന്ന സ്ഥിതി വരും.അതിനാൽ സാധനങ്ങൾ നശിക്കുന്നതും സാധന നശിക്കാത്തതുമാണെന്ന പരിവർത്തനം ചെയ്യണം.സാധനങ്ങൾ നിമിത്ത മാത്രങ്ങളാണ് സാധന നിർമ്മാണത്തിന്റെ ആധാരമാണ്.അതിനാൽ സാധനങ്ങൾക്ക് പകരം സാധനക്ക് മഹത്വം കൊടുക്കണം.ഞാൻ സാധനങ്ങളുടെ സ്വരൂപനല്ല സിദ്ധിസ്വരൂപനാണ് എന്ന് സദാ മനസ്സിലാക്കണം.സാധന സിദ്ധിയെ പ്രാപ്തമാക്കുന്നു.സാധനങ്ങളുടെ ആകർഷണത്തിൽ പെട്ട് സിദ്ധി സ്വരൂപത്തെ മറന്നു പോകരുത്.എല്ലാ ലൗകികകാര്യങ്ങളെ കേട്ടിട്ടും ലൗകിക വസ്തുക്കളെയും ദൃശ്യങ്ങളെയും കണ്ടിട്ടും ലൗകികതയെ അലൗകികതയിലേക്ക് പരിവർത്തനപ്പെടുത്തണം അർത്ഥം ജ്ഞാനസ്വരൂപരായിരുന്ന് എല്ലാ കാര്യങ്ങളിൽ നിന്നും ജ്ഞാനത്തെ മാത്രം എടുക്കണം.കാര്യങ്ങളിലേക്ക് പോകാതെ ജ്ഞാനത്തിലേക്ക് മാത്രം പോകണം.എന്ത് പരിവർത്തനമാണ് നടത്തേണ്ടതെന്ന് മനസ്സിലായില്ലേ? ശരി........

ഇനിയും മുന്നോട്ട് പോകൂ.ഇനിയെന്താണ് ബാക്കിയുള്ളത്.ഇപ്പോൾ ഉറക്കത്തിലേക്ക് പോകുകയാണ്.ഉറങ്ങുക എന്നാൽ സ്വർണത്തിന്റെ ലോകത്തിൽ ഉറങ്ങുക.ഉറക്കത്തിനും പരിവർത്തനം ആവശ്യമാണ്.കിടക്കയിൽ ഉറങ്ങരുത്.അപ്പോൾ എവിടെ കിടക്കും. എവിടെ കിടന്നാലും ബാബയുടെ ഓർമ്മയുടെ മടിത്തട്ടിൽ കിടക്കണം.ഉറങ്ങുമ്പോൾ ഫരിസ്തകളുടെ ലോകത്ത് സ്വപ്നത്തിൽ സവാരി ചെയ്യണം.അപ്പോൾ സ്വപ്നത്തിലും ഉറക്കത്തിലും പരിവർത്തനം വരും.ആദി തൊട്ട് അന്ത്യം വരെ പരിവർത്തനം ചെയ്യണം.എങ്ങനെയാണ് പരിവർത്തന ശക്തി ഉപയോഗിക്കേണ്ടതെന്ന് മനസ്സിലായോ?

ഈ പുതുവർഷത്തിൽ പരിവർത്തന ശക്തിയുടെ സമ്മാനമാണ് തരുന്നത്.സ്വപരിവർത്തനവും വിശ്വപരിവർത്തനവുമാകുന്ന സമ്മാനത്തിന്റെ ലിഫ്റ്റിലൂടെ വിശ്വപരിവർത്തനത്തിന്റെ സമയത്തെ സമീ

പത്തേക്ക് കൊണ്ട് വരണം.പുതുവർഷത്തിന്റെ ആശംസകൾ എല്ലാവരും തരുന്നുണ്ട് എന്നാൽ ബാപ്ദാദ പുതുവർഷത്തിൽ തീവ്രപുരുഷാർത്ഥിയാകുന്നതിന് വേണ്ടിയുള്ള നവീനതക്ക് വേണ്ടി മുൻകൂർ ആശംസകൾ തരുകയാണ്.പുതുവർഷം,പുതുസ്വഭാവം,പുത്തൻ ഉന്മേഷവും ഉത്സാഹവും,വിശ്വത്തിനെ പുതിയതാക്കി മാറ്റാനുള്ള ശ്രേഷ്ഠ സങ്കല്പം,സർവർക്കും മുക്തിയുടെയും ജീവൻമുക്തിയുടെയും വരദാനം കൊടുക്കതിനുള്ള ശ്രേഷ്ഠസങ്കൽപ്പം.ഇത്തരത്തിലുള്ള നവീനതയുടെ ആശംസകൾ തരുകയാണ്.പഴയതിനോടും പഴയ സംസ്കാരങ്ങളോടും രീതികളോടും കാര്യങ്ങളോടും വിടചൊല്ലുന്നതിന്റെയും ആശംസകൾ.ശരി.

ഇത് പോലെ ഓരോ കർമ്മത്തിലൂടെയും സ്വപരിവർത്തനവും വിശ്വപരിവർത്തനവും ചെയ്യുന്നവരായ ഓരോ നിമിഷത്തിലും ഓരോ സങ്കൽപ്പത്തിലും ഓരോ കർമ്മത്തിലും പുതിയതിന് വേണ്ടി അതായത് സ്വർണിമയുഗത്തിന് വേണ്ടി പ്രവർത്തിക്കുന്നവരായ ശ്രേഷ്ഠം അർത്ഥം സതോപ്രധാനമാകുന്നവരായ പുതുവർഷത്തിൽ സ്വയത്തിലും വിശ്വത്തിലും പുത്തൻ തിളക്കം കാണിക്കുന്നവരായ അസംഭവ്യമാണെന്ന് കരുതിയതിനെ സ്വയത്തെ പ്രതിയും വിശ്വത്തെ പ്രതിയും സഹജമായി സംഭവ്യമാക്കിയ അങ്ങനെയുള്ള സഫലതാമൂർത്തരും ശ്രേഷ്ഠസിദ്ധിസ്വരൂപരുമായ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹവും ഓർമ്മയും നമസ്കാരവും.**(31.12.1970)**

മഹാത്മാക്കളുടെ കർത്തവ്യവും മഹത്തായിരിക്കും.മഹാത്മാവായി തീരുന്നതിന് വേണ്ടി ഏതൊക്കെ മഹത്തായ കർമ്മങ്ങളാണ് ഇന്ന് ചെയ്തതെന്ന് ആ ദിവസം പരിശോധിക്കണം.മഹാദാനിയായി തീർന്നോ?മഹാത്മാക്കളുടെ കർത്തവ്യം ദാനപുണ്യമായിരിക്കും.നിങ്ങൾ ഏറ്റവും വലിയ മഹാത്മാക്കൾ എന്ന് പറയുന്നവരാണല്ലോ.അങ്ങനെയാണെങ്കിൽ ഇന്നത്തെ ദിവസം മുഴുവൻ എത്ര ദാനം നൽകി?എന്ത് ദാനം നൽകി?മഹാത്മാക്കളുടെ ഭോജനം അന്നപാനീയങ്ങൾ ഇതെല്ലാം മഹത്തായിരിക്കും.ഇന്ന് ബുദ്ധിയുടെ ഭോജനം മഹത്തായിരുന്നോ എന്ന് നോക്കണം.ശുദ്ധമായ ഭോജനം സ്വീകരിച്ചോ?മഹാത്മാക്കൾ എന്നുപറയുന്നവർ അശുദ്ധ ഭോജനം സ്വീകരിക്കുകയാണെങ്കിൽ മറ്റുള്ളവർ അവരെ കണ്ടിട്ട് എന്ത് പറയും.മറ്റുള്ളവർ മഹാത്മാവ് എന്നുപറയുന്നുണ്ടോ?അതിനാൽ ഇന്ന് ബുദ്ധിയിലൂടെ ഏതെങ്കിലും അശുദ്ധസങ്കൽപ്പങ്ങളാകുന്ന ഭോജനം കഴിച്ചിട്ടില്ലല്ലോ എന്ന് സ്വയം പരിശോധിക്കണം.മഹാത്മാക്കളുടെ ആഹാര വിഹാരങ്ങൾ ഇവിടെ നിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്.ഏതെങ്കിലും അശുദ്ധമായതും വ്യർത്ഥമായതുമായ സങ്കൽപ്പവികല്പങ്ങൾ ബുദ്ധിയെ ഗ്രഹിച്ചുവെങ്കിൽ ഇന്ന് എന്റെ ആഹാരത്തിൽ അശുദ്ധി വന്നിട്ടുണ്ടെന്ന് മനസ്സിലാക്കണം.ആരാണോ മഹാത്മാക്കളായി തീരുന്നത് അവരുടെ ഓരോ വ്യവഹാരവും ചലനവും സർവാത്മക്കൾക്കും സുഖത്തിന്റെ ദാനം പകരുക എന്ന ലക്ഷ്യത്തോട് കൂടിയായിരിക്കും.മഹാത്മാക്കൾ എന്ന് പറയുന്നവർ ഇന്ന് ആർക്കും ദുഖം കൊടുക്കുകയോ സ്വയം എടുക്കുകയോ ചെയ്തിട്ടില്ലല്ലോ.എന്തൊക്കെ പുണ്യകാര്യങ്ങളാണ് നടന്നത്.മറ്റുള്ളവരിൽ നിന്ന് ആശിർവാദങ്ങൾ ലഭിക്കുന്ന തരത്തിലുള്ള സാധനങ്ങൾ കൊടുക്കുന്നതിനെയാണ് പുണ്യം എന്ന് പറയുന്നത്.ഇതാണ് പുണ്യകർമ്മം.പുണ്യത്തിന്റെ മുഖ്യലക്ഷണം അഹിംസയാണ്.ഹിംസ ചെയ്തിട്ടില്ലല്ലോ എന്ന് ദിവസം മുഴുവൻ പരിശോധിക്കണം.ഏതൊരു ഹിംസയാണ് നടക്കുന്നത്?സ്വയം പരിശോധിക്കണം.നിങ്ങൾ സ്വയം ഡബിൾ അഹിംസകൻ എന്നാണല്ലോ പറയുന്നത്.മനസ്സിൽ നമ്മുടെ സംസ്കാരങ്ങളുമായി വളരെയധികം യുദ്ധം നടക്കുന്നുണ്ട്.മായയെ കൊല്ലുന്നതിന് വേണ്ടി ഹിംസ നടക്കുന്നുണ്ട്.യുദ്ധം നടക്കുന്നുണ്ടല്ലോ പിന്നെ എന്തുകൊണ്ടാണ് ഇതിനെ അഹിംസ എന്ന് പറയുന്നത്?എന്തുകൊണ്ടെന്നാൽ ഈ യുദ്ധത്തിന്റെ പരിണാമം സുഖവും ശാന്തിയുമാണ്.ഹിംസയാണെങ്കിൽ ദുഖവും അശാന്തിയുമാണ് പ്രാപ്തമാകുന്നത്.എന്നാൽ ഈ യുദ്ധത്തിലൂടെ ശാന്തിയും സുഖവും മംഗളവുമാണ് പ്രാപ്തമാകുന്നത്.അതുകൊണ്ട് ഇതിനെ ഹിംസ എന്നുപറയില്ല.അതിനാൽ ഡബിൾ അഹിംസകരായി തീരൂ.മഹാത്മാക്കളുടെ ഈ ലക്ഷണം പാടിപുകഴ്ത്തിയിട്ടുണ്ട് അതിനെ കാണണം.ഇന്നത്തെ മുഴുവൻ ദിവസവും ഒരു പ്രകാരത്തിലുമുള്ള ഹിംസയും ചെയ്തിട്ടില്ലല്ലോ?ഏതെങ്കിലും വാക്കിലൂടെ മറ്റുള്ളവരുടെ സ്ഥിതിയെ ഇളക്കുകയാണെങ്കിൽ അതും ഹിംസ തന്നെയാണ്.വാളുകൊണ്ട് മറ്റൊരാളെ മുറിവേൽപ്പിക്കുകയാണെങ്കിൽ അത് ഹിംസയാ

ണല്ലോ.അതുപോലെ നമ്മുടെ വാക്ക് കൊണ്ട് മറ്റൊരാളുടെ ഈശ്വരീയ സ്ഥിതിയെ മുറിവേൽപ്പിക്കുക യാണെങ്കിൽ അതും ഹിംസ തന്നെയാണ്.നമ്മുടെ യഥാർത്ഥ സതോപ്രധാന സംസ്കാരം ആത്മാവിന്റെ താണ് അതിനെ അടിച്ചമർത്തി മറ്റൊരു സംസ്കാരത്തെ പ്രയോഗത്തിലേക്ക് കൊണ്ടുവരുന്നത് ഒരാളുടെ കഴുത്ത് മുറിക്കുന്നതിന് സമാനമായ ഹിംസ തന്നെയാണ്.അതിനാൽ നമ്മുടെ യഥാർത്ഥ സംസ്കാരത്തെ അടിച്ചമർത്തുന്നത് ഹിംസയാണ് മനസ്സിലായോ?**(18.04.1971)**

വിശേഷ സേവനത്തിന്റെ സ്റ്റേജിൽ വരുന്നവർ അവരുടെ ഓരോ കാര്യവും സെറ്റ് ചെയ്യുന്നതി ന്റെയും അനുഭവത്തിൽ കൊണ്ടുവരുന്നതിന്റെയും പദ്ധതികൾ ഉണ്ടാക്കുന്നുണ്ടോ?അമൃതവേളയിൽ ത ന്റെ പുരുഷാർത്ഥത്തിന്റെ ഉയർച്ചക്ക് വേണ്ടിയുള്ള പദ്ധതികൾ സെറ്റ് ചെയ്യണം.ഒരു പ്രത്യേക വിഷയ ത്തിലോ പ്രത്യേക ദുർബലതയിലോ വിശേഷശ്രദ്ധ കൊടുത്ത് അത് ഇല്ലാതാക്കാനുള്ള ശതമാനം വർ ദ്ധിപ്പിക്കണം.ഓരോരുത്തരും തന്റെ ശക്തിയനുസരിച്ച് ഈ പദ്ധതികൾ ബുദ്ധിയിൽ വെക്കണം.അതാ യത് ഇന്നത്തെ ദിവസം എന്തൊക്കെയാണ് പ്രായോഗികതയിൽ കൊണ്ടുവരുന്നത് കൂടാതെ എത്ര ശത മാനം ഇതിനെ പുരുഷാർത്ഥത്തിൽ കൊണ്ടുവരും.തന്റെ ദിനചര്യയുടെ കൂടെ ഇതൊക്കെ സെറ്റ് ചെയ്ത് വെക്കണം.ഇങ്ങനെ സെറ്റ് ചെയ്ത പോയിന്റ്സുകൾ എത്രത്തോളം പ്രായോഗികതയിൽ കൊണ്ടുവന്നു? എത്ര ശതമാനം ധാരണ ചെയ്തു?ധാരണ ചെയ്തിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത്?ചെയ്തിട്ടുണ്ടെങ്കിൽ ഏതെല്ലാം വിശേഷ യുക്തികൾ ഉപയോഗിച്ച് തന്റെ ഉയർച്ചയുടെ അനുഭവം ചെയ്തു?ഇത്തരം കാര്യങ്ങ ളെല്ലാം രാത്രിയിൽ വിശദമായ പരിശോധനക്ക് വിധേയമാക്കണം.ഈ ഫലങ്ങളെയെല്ലാം മുന്നിൽ വെ ച്ച് പരിശോധിക്കണം അഥവാ ഇന്നത്തെ ദിവസത്തിൽ വെച്ച ലക്ഷ്യം വേണ്ടത്ര സഫലത നേടിയില്ലെ ങ്കിലും അഥവാ പദ്ധതികൾ വേണ്ടത്ര പ്രായോഗിക തലത്തിലേക്ക് എത്തിചേർന്നില്ലെങ്കിലും അതിനെ ഒരിക്കലും ഉപേക്ഷിക്കരുത്.

ഏതെങ്കിലും സ്ഥൂല കാര്യങ്ങളിൽ വെച്ച ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടില്ലെങ്കിലും അതിനെ സമ്പന്നമാ ക്കാൻ വീണ്ടും വീണ്ടും പരിശ്രമിക്കുമല്ലോ.അതുപോലെ ദിവസവും നമ്മുടെ ലക്ഷ്യത്തെ സമ്പന്നമാക്കാ ൻ പ്രയത്നിക്കണം.ഏതെങ്കിലും ഒരു കാര്യത്തിൽ വിശേഷ ശ്രദ്ധ കൊടുക്കുന്നതിലൂടെ വിശേഷ ബലം ലഭിക്കുന്നു.ഏതു കാര്യം ചെയ്യുമ്പോഴും സ്മൃതി വരുകയും സ്മൃതി സ്വരൂപരായി തീരുകയും ചെയ്യും.ബാഹ്യ മായ ഏതെങ്കിലും പഠിപ്പിലെ പാഠം പക്കയാക്കുന്നതിനു വേണ്ടി ഒന്ന് രണ്ടും മൂന്നും തവണ പഠിച്ച് അ ത് ഉറപ്പിക്കുന്നു.അതിനെ ഒരിക്കലും വിട്ടുകളയുന്നില്ല.അതുപോലെ ഇവിടെയും തന്റെ ലക്ഷ്യത്തെ മുന്നി ൽ വെച്ച് ഓരോ കാര്യത്തെയും പൂർണമാക്കണം.ഇതിൽ ആലസ്യം ഉണ്ടാവരുത്.ആലോചിച്ച പദ്ധതി കൾ ഉണ്ടാക്കി.അതിനെ പ്രായോഗികതയിൽ കൊണ്ടുവരുന്നതിന് വേണ്ടി പരിസ്ഥിതികൾ തയ്യാറാ യി വരുകയും സങ്കൽപ്പത്തിന്റെ ദൃഢത ഉണ്ടാവുകയും ചെയ്യുകയാണെങ്കിൽ അത് ചെയ്യുക തന്നെ വേ ണം.അങ്ങനെയാണെങ്കിൽ ആ ദൃഢത സമ്പൂർണതയെ സമീപത്തേക്ക് കൊണ്ടുവരികയും ചെയ്യുന്നു.വ ർത്തമാന സമയത്ത് പദ്ധതികൾ ധാരാളമുണ്ട് എന്നാൽ ഇതിൽ കുറവ് എന്താണ്?ദൃഢതയുടെ കുറവാ ണ് ഉള്ളത്.ദൃഢസങ്കല്പം എടുക്കുന്നില്ല.ആ ദുർബലതയെ വിശേഷ ശ്രദ്ധ കൊടുത്ത് നോക്കണം.മഹാര ഥികൾ അർത്ഥം ശ്രേഷ്ഠ ആത്മാക്കൾ സേവനത്തിന്റെ കൂടെ സ്വസേവനത്തിലും ശ്രദ്ധ വെക്കണം.ഒന്ന് സ്വസേവനം രണ്ട് വിശ്വസേവനം.എന്താ ഇവ രണ്ടിന്റെയും ബാലൻസ് ശരിയായി വെക്കുന്നില്ലേ?ഇത നുസരിച്ച് തന്റെ ശ്രേഷ്ഠ സങ്കൽപ്പത്തെ പ്രായോഗികതയിലേക്ക് കൊണ്ടുവരൂ.വെറുതെ ചിന്തിക്കരുത് മറ്റുള്ളവരോട് പറയുമോ ചിന്തിച്ച് സമയം കളയരുതെന്ന്.തന്റെ ഉയർച്ചയുടെ പദ്ധതികൾ ആലോചിക്കു ന്നതിന്റെ കൂടെ അതിനെ പ്രായോഗികതയിൽ കൊണ്ട് വരാനുള്ള ദൃഢസങ്കൽപ്പവും എടുക്കണം.ദിവസ വും ഒരു വിശേഷതയെ മുന്നിൽ വെച്ച് അതിനെ പ്രായോഗികതയിൽ കൊണ്ടുവരാൻ പരിശ്രമിക്കുകയാ ണെങ്കിൽ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ തന്നെ നമ്മുടെയുള്ളിൽ വലിയ വ്യത്യാസം അനുഭവപ്പെടും. ഈ വിശേഷ വരദാനഭൂമിയിൽ വെച്ച് തന്റെ ഉയർച്ചക്ക് വേണ്ടിയുള്ള പദ്ധതികൾ ഉണ്ടാക്കുന്നുണ്ടോ അല്ലെങ്കിൽ കേവലം സേവനവും ചെയ്ത് മീറ്റിങ്ങിലും പങ്കെടുത്ത് തിരിച്ച് പോകുകയാണോ ചെയ്യുന്നത്.

തന്റെ ഉയർച്ചക്ക് വേണ്ടി രാത്രിയുടെ സമയവും എല്ലാവരുടെയും മുന്നിലുണ്ട്.വിശേഷ സേവനമൊക്കെ വരുന്ന സമയത്ത് ഉറക്കത്തെ ത്യജിക്കാറുണ്ടല്ലോ.അതുപോലെ തന്റെ ഉയർച്ചക്ക് വേണ്ടി നിദ്രയെ ത്യാഗം ചെയ്യുകയാണെങ്കിൽ എന്താ സമയം ലഭിക്കില്ലേ?ഇവിടെ മറ്റെന്തു കാര്യമാണ് ഉള്ളത്?ഒരുപാട് പദ്ധതികൾ ഇനിയും ഉണ്ടാക്കണം.അതിൽ തന്റെ ഉയർച്ചക്ക് വേണ്ടിയുള്ള പദ്ധതികൾ വിശേഷമായി ഉണ്ടാക്കണം.ഇവിടെ ഉയർച്ചക്ക് വേണ്ടിയുള്ള ഏതൊരു കാര്യവും പ്രായോഗികതയിലേക്ക് കൊണ്ടുവരുമ്പോൾ എല്ലാവരുടെയും ഭാഗത്ത് നിന്ന് സഹയോഗത്തിന്റെ ലിഫ്റ്റ് ലഭിക്കും.എത് ലക്ഷ്യമാണോ വെച്ചത് പ്രായോഗികതയിൽ അതിന്റെ ലക്ഷണം കാണുന്നില്ല.കാരണത്തെ മാത്രമല്ല നിവാരണത്തെയും മനസ്സിലാക്കണം.

തികഞ്ഞ ജ്ഞാനിയായി മാറി എന്നാൽ പിന്നെയെന്താണ് കുറവ്?ജ്ഞാനത്തെ പ്രായോഗികതയിൽ കൊണ്ടുവരാൻ സാധിക്കുന്നില്ല.ശക്തിയില്ലാത്തത് കാരണം അറിവിനെ പ്രായോഗികതയിൽ എത്തിക്കാൻ കഴിയുന്നില്ല.ശക്തിശാലിയായി തീരുന്നതിന് എന്ത് ചെയ്യണം?പ്രായോഗിക പദ്ധതികൾ ഉണ്ടാക്കണം.നിങ്ങൾ ഇതുവരെ തയാറായില്ലെങ്കിൽ നിങ്ങളുടെ വംശാവലി എപ്പോഴാണ് തയ്യാറാവുന്നത് പ്രജകൾ എപ്പോഴാണ് തയ്യാറാവുന്നത്?പുരുഷാർത്ഥത്തിൽ ഓരോരുത്തർക്കും നല്ല അനുഭവങ്ങൾ ഉണ്ടാകുന്നുണ്ട്.ഈ അനുഭവങ്ങളുടെ കൊടുക്കൽ വാങ്ങലുകളിലൂടെയും മറ്റുള്ളവരുടെ ഉയർച്ചക്കുള്ള കാര്യങ്ങൾ കേൾപ്പിക്കുന്നതിലൂടെയുംസ്വയത്തിൽ ബലം നിറയുന്നു.ഇങ്ങനെയുള്ള ക്ലാസ്സുകൾ എപ്പോഴെങ്കിലും ചെയ്യാറുണ്ടോ?**(17.05.1973)**

ടേപ്പിൽ ആദ്യം റെക്കോർഡ് ചെയ്യുകയും പിന്നീടത് കേട്ടിട്ട് ശരിയായ രീതിയിലാണോ റെക്കോർഡ് ചെയ്തതെന്ന് വിലയിരുത്തുകയും ചെയ്യാറുണ്ടല്ലോ.അതുപോലെ താങ്കളും സാക്ഷിയായി നോക്കാറുണ്ടോ? അങ്ങനെ നോക്കുമ്പോൾ എന്താണ് തോന്നുന്നത്? തന്റെ ഉള്ളിൽ കാര്യങ്ങൾ ശരിയായ രീതിയിലാണോ റെക്കോർഡ് ചെയ്തതെന്ന് സ്വയം പരിശോധിക്കാറുണ്ടോ?അല്ലെങ്കിൽ ഇതിലും നന്നായി റെക്കോർഡ് ചെയ്യാമായിരുന്നു എന്ന് തോന്നിയിട്ടുണ്ടോ?റിസൾട്ട് പരിശോധിക്കുന്നില്ലേ?ദിവസവും സ്വയം സാക്ഷിയായിരുന്ന് തന്നെ പരിശോധനക്ക് വിധേയമാക്കുന്നവർ അതായത് ഒരിക്കൽ പോലും പരിശോധന മുടക്കാത്തവർ കൈ ഉയർത്തൂ(ബാബ പറഞ്ഞപ്പോൾ കുറച്ച് പേർ കൈ പൊക്കി).ഇതുവരെയും ചെക്കർ ആയി തീർന്നില്ലേ?ആരാണോ ചെക്കർ ആകാത്തവർ അവർ ഒരിക്കലും മേക്കർ ആകുന്നില്ല.എന്താ മറന്നു പോകുന്നുണ്ടോ?സമയം താഴേക്കും മുകളിലേക്കും ആയെന്നിരിക്കാം എന്നാൽ ഒരിക്കലും മറന്ന് പോകരുത്.അമൃതവേള തൊട്ട് ഫിക്സ് ചെയ്ത ആത്മാവിന്റെ ദിനചര്യയെ ഇടയ്ക്ക് പരിശോധിക്കണം എന്തുകൊണ്ടാണ് മറന്നു പോയതെന്ന്.അങ്ങനെ ഫിക്സ് ചെയ്യാൻ കഴിയുന്നില്ലേ?ആത്മാവിന്റെ ദിനചര്യയെ ഫിക്സ് ചെയ്യാൻ കഴിയുന്നുണ്ടോ?ഇത് വളരെ സാധാരണമായ ഒരു നിയമമാണ്.ഈ സാധാരണ നിയമത്തെ പോലും വിസ്മരിക്കുകയാണെങ്കിൽ പിന്നെ എന്ത് സിദ്ധിയാണ് പ്രാപ്തമാകുന്നത് ആത്മാവ് ഇപ്പോഴും നിർബലമാണെന്ന് പറയാം.സ്വയത്തെ ഈശ്വരീയ നിയമങ്ങളിലും ഈശ്വരീയ മര്യാദകളിലും നടത്താൻ കഴിയുന്നില്ലെങ്കിൽ അവർക്കെങ്ങനെയാണ് മര്യാദയോടും നിയമത്തോടും കൂടി ഒരു രാജ്യത്തെ നടത്താൻ കഴിയുന്നത്.സംഗമയുഗീ രാജ്യത്തിന് അധികാരിയായി തീർന്നിലെങ്കിൽ എങ്ങനെയാണ് ഭാവിയിൽ രാജ്യ പദവി പ്രാപ്തമാക്കാൻ കഴിയുന്നത്?ഈ സംഘടനയുടെ ടീച്ചർസ് ആരൊക്കെയാണ്?റിസൾട്ട് ഇത്രയും കുറയാൻ ആരാണ് കാരണം?വന്നിരിക്കുന്ന ടീച്ചർ സ്വയം ചെക്കർ ആണോ?ആരും ധൈര്യത്തോടെ എഴുന്നേൽക്കുന്നില്ല.ഇപ്പോൾ വിശ്വയുദ്ധം തുടങ്ങിയാൽ എന്താകും അവസ്ഥ?ആരോ പറഞ്ഞു ആ സമയത്ത് എഴുന്നേറ്റു നിൽക്കുമെന്ന്.സമയത്ത് മാത്രം എഴുന്നേറ്റു നിൽക്കുകയാണെങ്കിൽ അതിന് എന്താണ് പറയുക?പ്രകൃതിയുടെ ആധാരത്തിൽ മാത്രം നടക്കുന്ന പുരുഷനെ എന്താണ് പറയുക?സമയം പ്രകൃതി തന്നെയല്ലേ?ഏതെങ്കിലും പുരുഷൻ പ്രകൃതിയുടെ ആധാരത്തിലാണ് നടക്കുന്നതെങ്കിൽ അവനെ പാസ് വിത്ത് ഓണർ എന്ന് പറയുമോ?സമയത്തിന്റെ ചതിയിൽ പെടുകയാണെങ്കിൽ അവരെ എന്താണ് വിളിക്കുക?ക്ഷീണിതനായി നടക്കുന്നവനായി തീരുമോ എന്ന്

ആലോചിക്കുന്നുണ്ടോ?വർത്തമാന സമയത്ത് സംഘടന വളരെ ദുർബലമായിരിക്കുകയാണ്.ഭൂരിഭാഗം പേരും ദുർബലരാണ്.ശരി കഴിഞ്ഞത് കഴിഞ്ഞുപോയി ഇപ്പോൾ തൊട്ട് താങ്കൾ പരിവർത്തനത്തിന് വിധേയമാകണം.ഇനി കുറച്ച് സമയം കൂടിയുണ്ട്.ഇപ്പോൾ ബാപ്ദാദയും സഹയോഗി ശ്രേഷ്ഠ ആത്മാക്കളും താങ്കൾ പുരുഷാർത്ഥികൾക്ക് ആയിരം മടങ്ങ് സഹയോഗം തരുകയും കൂടാതെ സഹായം,സ്നേഹം സംബന്ധ സമ്പർക്കത്തിൽ ശക്തി ഇവയെല്ലാം തന്ന് നിങ്ങളെ മുന്നോട്ട് കൊണ്ട് പോകുകയാണ്. എന്നാൽ കുറച്ച് സമയത്തിന് ശേഷം ഈ സഹായം അതായത് ഈ ലിഫ്റ്റിന്റെ മിലനം ഇല്ലാതാവുകയാണ്.അതിനാൽ എന്തൊക്കെ എടുക്കാൻ ആഗ്രഹിക്കുന്നുവോ അതെല്ലാം ഇപ്പോൾ തന്നെ എടുക്കണം.പിന്നീട് ബാബയുടെ സ്നേഹത്തിന്റെ രൂപത്തിന് പകരം സുപ്രീം ജസ്റ്റിസ് എന്ന രൂപമായിരിക്കും വരുന്നത്.**(30.05.1973)**

യോഗത്തിന് പകരം വിവിധ പ്രകാരത്തിലുള്ള പരാതികളാണ് വരുന്നത്.വ്യർത്ഥ സങ്കല്പങ്ങൾ അനേകം വരുന്നു.ശക്തികൾ ധാരണ ചെയ്യുന്നില്ല.പരാതികളുടെ കാരണം വ്യർത്ഥ സങ്കല്പങ്ങളാണ്.ഭൂരിഭാഗം പേരുടെയും മുഖ്യ പരാതി ഇതാണ്.വൃത്തിയും ദൃഷ്ടിയും ചഞ്ചലമാകുന്നു എന്നതാണ് അടുത്ത മുഖ്യമായ പരാതി.ദിവസവും മുരളിയിലൂടെ ഒരുപാട് നിർദേശങ്ങൾ ലഭിക്കുന്നുണ്ട്.ഇതിനെ വളരെ ശ്രദ്ധയോടെ കേട്ട് ധാരണ ചെയ്യാത്തത് വരെയും ഈ പരാതികൾ ഉണ്ടാകും.ബാബയുടെ അടുത്ത് നിന്ന് ലഭിക്കുന്ന ജ്ഞാനഖജനാവ് നമ്മുടെ അടുത്ത് കുറയുക എന്നതാണ് വ്യർത്ഥ സങ്കല്പങ്ങൾ ഉണ്ടാകുന്നതിന്റെ മൂലകാരണം.സദാ സമയം ജ്ഞാന രത്നങ്ങളുമായി കളിക്കുന്നതിലും ജ്ഞാന ഖജനാവിനെ നോക്കുന്നതിലും അതിനെകുറിച്ച് ചിന്തിക്കുന്ന്സ്തിലും ചിന്തിക്കുന്നതിലും ബുദ്ധിയെ ബിസിയാക്കി വെക്കണം.അങ്ങനെയാണെങ്കിൽ വ്യർത്ഥ സങ്കല്പങ്ങൾ വരുമോ?എന്റെ ബുദ്ധി ദിവസം മുഴുവനും ജ്ഞാനത്തിന്റെ വിചിന്തനത്തിലും വിശ്വകല്യാണത്തിന്റെ പദ്ധതികളിലുമാണോ ബിസിയായിരിക്കുന്നത് എന്ന് ഏറ്റവും ആദ്യം സ്വയതിനോട് ചോദിക്കണം.

ലൗകിക രീതിയിൽ ഏതെങ്കിലും കാര്യത്തിൽ ബുദ്ധി ബിസിയായിരിക്കുകയാണെങ്കിൽ ഒരിക്കലും മറ്റൊരു സങ്കൽപ്പങ്ങളിലേക്കോ കാര്യങ്ങളിലേക്കോ ബുദ്ധി പോകില്ല എന്തുകൊണ്ടെന്നാൽ ബുദ്ധി ബിസിയാണ്.താങ്കൾക്ക് ബാബയിലൂടെ വളരെ വലിയ ഉത്തരവാദിത്തമാണ് ലഭിച്ചിരിക്കുന്നത്.ഇത് എത്രത്തോളം നിർവഹിച്ചു.ലോകമെമ്പാടുമുള്ള ആത്മാക്കളുടെ കണക്കെടുത്താൽ അതിൽ നന്ന് അഞ്ച് പാണ്ഡവരേ ഇതുവരെ ആയിട്ടുള്ളൂ.ഇത്രയും വലിയ കാര്യത്തിന്റെ കൂടെ സ്വന്തം വികർമ്മങ്ങളെ ഭസ്മമാക്കുന്നതിന്റെ കാര്യവും ഉണ്ട്.എത്ര ജന്മങ്ങളുടെ ഭാരമാണ് ഭസ്മമാക്കേണ്ടത്?63 ജന്മങ്ങളുടെ പാപകർമ്മ കണക്കിനെയാണ് ഭസ്മമാക്കേണ്ടത്.അതിന്റെ കൂടെ ജ്ഞാനത്തെ വിചിന്തനം ചെയ്താൽ സമയം ബാക്കിയാകുമോ,അല്ലെങ്കിൽ കുറയുമോ? ബാപ്ദാദ മൂന്ന് കാര്യങ്ങൾ കേൾപ്പിക്കുകയാണ്.ഒന്ന് ജ്ഞാന വിചിന്തനം ചെയ്യുന്ന കാര്യം.രണ്ട് വികർമ്മങ്ങളെ ഭസ്മമാക്കുന്ന കാര്യം.മൂന്ന് വിശ്വകല്യാണത്തിന്റെ കാര്യം.ഇത് മൂന്നും വിശേഷവും പരിധിയില്ലാത്തതുമായ കാര്യമാണ്.ബുദ്ധിക്ക് ഇത്രയും ജോലിയുണ്ടായിട്ടും ബുദ്ധി എങ്ങനെയാണ് ഫ്രീ ആയിരിക്കുന്നത്? നിങ്ങൾക്കെങ്ങനെയാണ് വിശ്രമം ലഭിക്കുന്നത്?എന്താ വിശ്വകല്യാണത്തിന്റെ കാര്യം സമാപ്തമായോ? വികർമ്മം ഭസ്മമാക്കിയോ? ഇത്രയും വലിയ ജോലി ചെയ്യാൻ നിമിത്തമായി തീർന്ന ആത്മാക്കൾ ഇങ്ങനെ ഫ്രീ ആയിരുന്നാൽ അവരെ എന്താണ് പറയുക? തന്റെ കാര്യം നിർവഹിക്കുന്നതിനുള്ള അറിവില്ല,സ്വയത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള അറിവില്ല.തന്റെ ദിനചര്യയെ സെറ്റ് ചെയ്ത് വെക്കാനുള്ള അറിവ് പോലുമില്ല.ഇക്കാലത്ത് കൗരവ ഗവണ്മെന്റിന്റെ ചെറിയ ക്ലാർക്ക് പോലും തന്റെ ടൈംടേബിൾ സെറ്റ് ചെയ്ത് വെക്കുന്നു.മാസ്റ്റർ നോളെജ്ഫുൾ മാസ്റ്റർ സർവശക്തിവാനായ നിങ്ങൾക്ക് സ്വന്തം ടൈം ടേബിൾ സെറ്റ് ചെയ്യാൻ കഴിയില്ലേ?സ്വയത്തെ സ്വന്തം സീറ്റിൽ സെറ്റ് ചെയ്തില്ലെങ്കിൽ അപ്പ്സെറ്റ് ആകും.

അമൃതവേളയിൽ ബാബയുമായുള്ള മിലനവും സംഭാഷണവും കഴിഞ്ഞതിനു ശേഷം ആ ദിവസത്തിന്റെ ടൈംടേബിൾ സെറ്റ് ചെയ്ത് വെക്കണം.സ്ഥൂലമായ കാര്യത്തിന്റെ പ്രോഗ്രാം സെറ്റ് ചെയ്ത് വെക്കാറു

ണ്ട് അതുപോലെ വ്യവഹാരത്തിന്റെ കൂടെ പരമാർത്ഥത്തിന്റെ കാര്യങ്ങളും സെറ്റ് ചെയ്ത് വെക്കണം.വ്യർത്ഥ സങ്കല്പങ്ങൾ ഉണ്ടെങ്കിൽ കിരീടധാരിയായി തീരില്ല.കിരീടം ഉത്തരവാദിത്തത്തിന്റേതാണ്.സ്വയത്തിന്റെ ഉത്തരവാദിത്വവും വിശ്വത്തിന്റെ ഉത്തരവാദിത്തവും.ഇപ്പോൾ തന്നെ ഇടയ്ക്കിടക്ക് കിരീടം അഴിച്ചു വെക്കുകയോ അല്ലെങ്കിൽ കിരീടധാരിയാകുകയോ ചെയ്തില്ലെങ്കിൽ ഭാവിയിൽ ഒരിക്കലും കിരീടധാരി ആകുന്നില്ല.ഭവിഷ്യ കിരീടധാരിയും സിംഹാസനധാരിയും ആകുന്നതിനുള്ള അഭ്യാസം ഇപ്പോൾ തന്നെ ചെയ്യണം.തന്റെ ടൈംടേബിൾ സെറ്റ് ചെയ്യണം സ്വയം സ്വയത്തിനോട് ശിക്ഷകനായി തീരണം സ്വയത്തിന് ഹോംവർക്ക് കൊടുക്കണം.അദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് ഹോംവർക്കുകൾ കൊടുക്കാറില്ലേ?ഇതിലൂടെ ബുദ്ധി ബിസിയായിരിക്കുന്നു.ഇതുപോലെ ദിവസവും സ്വയത്തിന് ഹോംവർക്കുകൾ കൊടുക്കണം.ഹോംവർക്കിൽ ബിസിയായിരിക്കുന്നോ അല്ലെങ്കിൽ മായയുടെ ആകർഷണത്താൽ ഹോംവർക്ക് മറന്നുപോയോ എന്ന് പിന്നീട് സാക്ഷിയായിരുന്ന് സ്വയം പരിശോധിക്കണം.അങ്ങനെയാണെങ്കിൽ എല്ലാ പരാതികളും സമാപ്തമാകും.**(11.07.1974)**

ബ്രാഹ്മണ കുട്ടികളുടെ സാധാരണ രീതിയിലുള്ള ദിനചര്യ കഴിഞ്ഞുപോയിരിക്കുകയാണ്. ഇക്കാലത്തെ സമയപ്രമാണമനുസരിച്ച് അത് ആവശ്യമില്ല.അല്ലെങ്കിൽ അതിന്റെ പ്രഭാവം വർധിക്കുമായിരുന്നു. അതിനാൽ വിശേഷ രീതിയിൽ വാതാവരണത്തെ ഓർമ്മയുടെ യാത്രയിലൂടെ ശക്തിമത്താക്കി തീർക്കണം.അതിന് എല്ലാ കുട്ടികൾക്കും ശ്രദ്ധ കൊടുക്കണം.ഈ ലോകത്തിന്റെ വാതാവരണത്തിൽ നിന്നും സ്വയത്തിനെ എങ്ങനെ രക്ഷപ്പെടുത്താം?ആ സ്ഥിതി എന്താണ്?കർമ്മയോഗി ആയിരുന്നിട്ടും യോഗീ അവസ്ഥ എന്ന് എന്തിനെയാണ് പറയുന്നത്?ഇതുപോലെ ഓരോ പോയിന്റ്സിന് മുകളിലും വിശേഷ ശ്രദ്ധ കൊടുക്കണം.എന്തുകൊണ്ടെന്നാൽ ഈ സൃഷ്ടിനാടകമനുസരിച്ച് നാലുഭാഗത്തും ഇപ്പോൾ സേവനത്തിനു വേണ്ടി കുറച്ച് സമയം അവശേഷിച്ചിരിക്കുകയാണ്.ടീച്ചർസ് വലിയ പരിപാടികൾ പുറത്ത് ചെയ്യുന്നില്ലെങ്കിൽ സെന്ററിൽ വരുന്നവരുടെ സേവനം മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ.പുറത്തുള്ള സേവനത്തിൽ ബുദ്ധി ഫ്രീയാണ്.അല്ലെങ്കിൽ പറയുമായിരുന്നു പദ്ധതികൾ ഉണ്ടാക്കണം മനനം ചെയ്യണം എന്നൊക്കെ.എന്നാൽ ഇപ്പോൾ അതൊന്നുമില്ല.ഇപ്പോൾ ഓർമ്മയുടെ യാത്ര എന്ന വിഷയത്തിൽ വളരെയധികം ശ്രദ്ധ കൊടുക്കണം.വരുന്നവർക്ക് ശക്തി പകരുന്ന രീതിയിൽ ഓരോ സെന്ററിലും എന്തെങ്കിലും പരിപാടികൾ വെക്കണം.ആ സമയങ്ങളിൽ വേറിടാനും സാക്ഷി ഭാവത്തിൽ സമസ്യയെ നേരിടാനും ഓർമ്മയുടെ ബലം ആവശ്യമാണ്.പുറത്തുള്ള സേവനത്തിന്റെയും പുത്തൻ പദ്ധതികളുടെയും ശക്തി കുറഞ്ഞു വരുമ്പോൾ പോയിന്റ്സുകളുടെ ബലം ആവശ്യമായി വരുന്നു.അല്ലെങ്കിൽ വെറുതെയിരുന്ന് വ്യർത്ഥത കടന്നു വരുന്നു.സേവനത്തിൽ ബിസിയായിരിക്കുന്നതിലൂടെ വ്യർത്ഥതയിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുന്നു.ഇപ്പോൾ അങ്ങനെയുള്ള സേവനം കുറവാണ് അതിനാൽ വ്യർത്ഥ വാതാവരണത്തിലേക്ക് പോകാനുള്ള സമയം ഒരുപാട് അവശേഷിക്കുന്നു.ഇതിനാൽ ബ്രാഹ്മണർ വളരെ ശ്രദ്ധാലുവും സാമർഥ്യമുള്ളവരുമായിതീർന്ന് ജ്ഞാനബിന്ദുക്കളുടെ ആധാരത്തിൽ ക്ലാസ്സുകളും പരിപാടികളും ചെയ്യണം.അതിലൂടെ മധുബൻ ആകുന്ന ലൈറ്റ്ഹൗസിൽ നിന്ന് വിശേഷവെളിച്ചം ലഭിക്കുന്നതാണ്. **(03.08.1975)**

ശുഭചിന്തയ്ക്ക് വേണ്ടി അളവറ്റ ഖജനാവാണ് ലഭിച്ചിരിക്കുന്നത്.അതിനെ അറിയുന്നുണ്ടോ?മുറിയാത്ത ഖജനാവല്ലേ?ശുഭചിന്ത അർത്ഥം സമർത്ഥസങ്കല്പം.സമർത്ഥവും വ്യർത്ഥതയും ഒരുമിച്ച് വരില്ല.രാത്രിയും പകലും ഒരിക്കലും ഒരുമിച്ച് വരില്ലല്ലോ?അമൃതവേളയിൽ എഴുന്നേറ്റ് കണ്ണുതുറന്നാലുടനെ വെക്കേണ്ട ശുഭസങ്കൽപ്പത്തെ കുറിച്ച് ബാബ പറഞ്ഞു തന്നിട്ടുണ്ട്.അമൃതവേളയിൽ ശക്തിശാലിയായിരുന്ന് ബാബയോടുള്ള സ്നേഹസഹിതം ശുഭസങ്കല്പം ചെയ്യുകയാണെങ്കിൽ ദിവസം മുഴുവനും അതിന്റെ പ്രഭാവം ഉണ്ടാകും.എന്തുകൊണ്ടെന്നാൽ അമൃതവേള ആദികാലമാണ് സതോപ്രധാന സമയമാണ്.ബാബയിലൂടെ കുട്ടികൾക്ക് വിശേഷ വരദാനവും സഹയോഗവും ലഭിക്കുന്ന സമയമാണ്.അതിനാൽ ദിവസത്തെ മുഴുവൻ ദിനചര്യയുടെ ആധാരം അമൃതവേളയിലെ ആദ്യസങ്കൽപ്പമാണ്.ബ്രഹ്മാവ് സങ്കൽപ്പത്തിലൂടെ

സൃഷ്ടി നടത്തി എന്ന് മഹിമയുണ്ട്.സങ്കൽപ്പത്തിന് വളരെയധികം മഹിമയുണ്ട് എന്നാണ് ഇത് കാണിക്കുന്നത്.ബ്രഹ്മാവ് ആദികാലത്ത് സൃഷ്ടി രചിച്ചു.അതുപോലെ നിങ്ങൾ ആദികാലത്ത് അതായത് അമൃതവേളയിൽ സങ്കൽപ്പത്തിലൂടെ രചന നടത്തണം.അങ്ങനെയാണെങ്കിൽ ദിനചര്യ എന്ന സൃഷ്ടി ദിവസം മുഴുവൻ സ്വാഭാവികമായി മുന്നോട്ട് പോകും.

ബ്രാഹ്മണരുടെ ആദ്യ സങ്കല്പം ഏതാണ്?ആ സമയത്ത് ഏതൊരു അവസ്ഥയാണ് ഉണ്ടായിരുന്നത്? ബാബ സമാനം സ്ഥിതി കൈവരിച്ച് ബാബയോട് മിലനം ചെയ്യാറില്ലേ?കണ്ണ് തുറന്നാൽ ഏതൊരു സങ്കൽപ്പമാണ് വരുന്നത്?ബാബയെ കൂടാതെ മറ്റാരെയെങ്കിലും കാണുന്നുണ്ടോ? ഗുഡ്മോർണിംഗ് പറയുമ്പോൾ കുട്ടി എന്ന് മനസ്സിലാക്കിയാണോ ബാബയോട് മോർണിംഗ് പറയുന്നത്.കുട്ടി എന്ന് പറഞ്ഞാൽ യജമാനൻ തന്നെയാണ്.ബാലകനിൽ നിന്ന് യജമാനനായി തീർന്ന കുട്ടികളെ എന്നാണ് ബാബ നിങ്ങളോട് പറയുന്ന ഉത്തരം.നിങ്ങൾ ബാബയുടെ കിരീടധാരികളാണ്.അതിനാൽ ഏറ്റവും ആദ്യത്തെ സങ്കല്പം തന്നെ സമർത്ഥമായി തീർന്നു.ആദ്യത്തെ കൂടികാഴ്ച്ച ബാബയുമായി നടന്നു.ആദ്യം കാണുമ്പോൾ ബാബ എല്ലാ ദിവസവും നിങ്ങൾക്ക് സമാനമായി ഭവിക്കട്ടെ എന്ന വരദാനം തരുന്നു.ഇതിൽ എല്ലാ വരദാനങ്ങളും അടങ്ങിയിരിക്കുന്നു.ആരംഭം തന്നെ ഇത്ര മഹത്തരമായ ഒരാളുടെ ദിവസം മുഴുവനും എങ്ങനെയായിരിക്കും? വ്യർത്ഥത വരുമോ?

പക്ഷെ ഈ ശ്രേഷ്ഠ കൂടികാഴ്ച സദാ ആരാണ് ചെയ്യുന്നത്?സങ്കൽപ്പവും ലോകവും സാമീപ്യവും ബാബയുമായിട്ടുള്ളവർക്ക് ബാബയോടുള്ള കൂടിച്ചേരൽ സമീപത്ത് തന്നെ അനുഭവപ്പെടും.അങ്ങനെയല്ലെങ്കിൽ മുന്നിൽ നിന്നുള്ള കൂടികാഴ്ച നടക്കുമെങ്കിലും സാമീപ്യം നടക്കില്ല.എല്ലാ കുട്ടികൾക്കും ബാബയോടുള്ള കൂടികാഴ്ച നടക്കും എന്നാൽ അത് ക്രമനമ്പർ അനുസരിച്ചായിരിക്കും.നമ്പർവൺ കുട്ടികൾ സമാനസ്വരൂപത്തിലും സമീപത്തിലും അതായത് ബാബയുടെ കൂടെ എന്നതിന്റെ അനുഭവം ചെയ്യും.കൂടെ എന്ന് പറഞ്ഞാൽ രണ്ട് എന്നാ അവസ്ഥ ഇല്ലാതെ ഒന്ന് തന്നെ എന്നാ അവസ്ഥയിലായിരിക്കും.രണ്ടാമത്തെ നമ്പറിൽ വരുന്ന കുട്ടികൾ ബാബയോടുള്ള സ്നേഹത്തിലും ബാബയിൽ നിന്നുള്ള വരദാനത്തിലും ബാബയുടെ മിലനത്തിലും സമാനസ്വരൂപത്തിലായിരിക്കില്ല അതിനു പകരം സമാനമായിരിക്കുന്നതിനുള്ള ശുഭസങ്കൽപ്പം എടുത്ത് മിലനം നടത്തും.സന്മുഖത്തിന്റെ അനുഭവം അതായത് ബാബയിൽ നിന്ന് സർവ്വ പ്രാപ്തികളും ഉണ്ടാകുന്ന അനുഭൂതി ചെയ്യണം.ഫസ്റ്റ് നമ്പർ കുട്ടികൾ ബാബയ്ക്ക് സമാനമായി തീർന്ന് ബാബയുമായുള്ള കൂടികാഴ്ച നടത്തുന്നു.സെക്കന്റ് നമ്പർ കുട്ടികൾ ബാബയ്ക്ക് സമാനമായി തീരുന്നതിനുള്ള സങ്കല്പം എടുത്ത് മിലനം നടത്തുന്നു.മൂന്നാമത്തെ നമ്പറിൽ വരുന്ന കുട്ടികളുടെ കാര്യം ചോദിക്കരുത്.മൂന്നാമത്തെ നമ്പറിൽ വരുന്ന കുട്ടികളുടെ ലീല വിചിത്രമാണ്.ഇപ്പോൾ തന്നെ അവർ കുട്ടികളായി തീരും എന്നാൽ തൊട്ടടുത്ത നിമിഷം തന്നെ അവർ യാചകരുമായി തീരും.അവർ ബഹുരൂപിയായിരിക്കും. ചിലപ്പോൾ ഒരു രൂപത്തിൽ ചിലപ്പോൾ മറ്റൊരു രൂപത്തിൽ.ക്രമനമ്പർ അനുസരിച്ചാണ് കുട്ടികളുമായുള്ള മിലനം നടത്തുന്നത്.

ആരുടെ സങ്കൽപ്പവും മിലനവുമാണോ ശ്രേഷ്ഠവും ബാബയ്ക്ക് സമാനവുമായിരിക്കുന്നത് അവരുടെ അമൃതവേളയിലെ ആദ്യ സങ്കൽപ്പത്തിന്റെ പ്രഭാവം തന്നെ ആ ദിവസത്തിന്റെ ദിനചര്യയിൽ സ്വാധീനം ചെലുത്തും.അത്തരം ആത്മാക്കൾ നിരന്തരം ശുഭചിന്തയുടെ സ്വാഭാവികതയിൽ ഇരിക്കുന്നു.സെക്കന്റ് നമ്പർ കുട്ടികൾ സ്വാഭാവികതയിൽ ഇരിക്കുന്നില്ല.എങ്കിലും നിരന്തരം ശ്രദ്ധയോട് കൂടി ശുഭചിന്തയിൽ ഇരിക്കുന്നു.മൂന്നാം നമ്പറിൽ വരുന്ന കുട്ടികൾ ശുഭവും വ്യർത്ഥമായതുമായ സങ്കൽപ്പങ്ങളുടെ യുദ്ധത്തിൽ ഇരിക്കുന്നു.അവർ ചിലപ്പോൾ വിജയിക്കും ചിലപ്പോൾ പരാജയപ്പെടും.സദാ ശുഭചിന്തയിൽ ഇരിക്കൂ. അതിന്റെ സാധനയാണ് **ആദി കാലത്തിലെ സമർത്ഥ സങ്കല്പം.** അത്തരം ശുഭചിന്തകർ തന്റെ സമ്പർക്കത്തിൽ വരുന്ന ആത്മാക്കളോട് ശുഭചിന്ത മാത്രം വെക്കുന്നു.എങ്ങനെയുള്ള ആത്മാക്കളും വന്നോട്ടെ സതോഗുണിയായിക്കോട്ടെ തമോഗുണിയായിക്കോട്ടെ എല്ലാവരെ പ്രതിയും ശുഭചിന്ത മാത്രം വെക്കണം അതായത് അപകാരിക്കും ഉപകാരം ചെയ്യുന്നവരായി തീരണം.ഒരാളോടും വെറുപ്പിന്റെ ദൃഷ്ടി വെ

ക്കരുത്.അജ്ഞാനത്തിന്റെ വശത്തിൽപ്പെട്ടാണ് വെറുപ്പ് വരുന്നതെന്ന തിരിച്ചറിവ് വരണം.അർത്ഥം അവർ തിരിച്ചറിവില്ലാത്ത കുട്ടികളാണ്.തിരിച്ചറിവില്ലാത്ത കുട്ടികളുടെ പെരുമാറ്റം കാരണം അവരോട് വെറുപ്പ് വരരുത്.അവരിൽ കാരുണ്യവും സ്നേഹവും വെക്കണം.ഇങ്ങനെയുള്ള ശുഭചിന്തക ആത്മാക്കൾ സ്വയം വിശ്വപരിവർത്തകരും വിശ്വകല്യാണകാരിയുമാണ് എന്ന് മനസ്സിലാക്കുന്നതിലൂടെ സകലരോടും അവർക്ക് വെറുപ്പിന് പകരം കാരുണ്യമായിരിക്കും വരുക.ഇവർ എന്തിനാണ് ഇങ്ങനെ ചെയ്തത് എന്ന് ചിന്തിക്കുന്നതിന് പകരം ഇവരെ എങ്ങനെയാണ് മംഗളത്തിലേക്ക് ഉയർത്തുക എന്നായിരിക്കും അവർ ചിന്തിക്കുക. ആ രീതിയിലുള്ള ശുഭചിന്തക സ്ഥിതി സദാ നിലനിൽക്കുന്നുണ്ടോ?ശുഭകരമായ ചിന്തകൾ ഉണ്ടായിട്ടില്ലെങ്കിൽ ശുഭചിന്തകനാവില്ല.രണ്ടിനും ബന്ധമുണ്ട്.സമ്പന്നമാകാനുള്ള ലക്ഷ്യം വെക്കുന്നവർ ഈ രണ്ട് ലക്ഷണങ്ങളെയും ധാരണ ചെയ്യണം.വ്യർത്ഥ സങ്കൽപ്പങ്ങളാണ് നടക്കുന്നതെങ്കിൽ ശുഭചിന്തകസ്ഥിതി കൈവരിക്കാൻ കഴിയില്ല.ഇതിനാൽ തന്റെ ചൈതന്യ ശക്തിയെ നോക്കൂ. ശുഭചിന്തകനാകുന്നതിനുള്ള അഭ്യാസം ചെയ്യൂ.നിങ്ങളുടെ തന്നെ ശക്തികളാണ് അത്.**(11.05.1977)**

ഇന്ന് അമൃതവേളയിൽ ബാപ്ദാദ നാലുഭാഗത്തുമുള്ള കുട്ടികളുടെ അടുത്ത് വന്നു.എന്താണ് കണ്ടത്? വരദാന ഭൂമിയായ മധുബനിൽ സന്തോഷത്തോടെ വന്നിരിക്കുന്ന കുട്ടികൾ ഈ മിലനത്തിന്റെ സന്തോഷത്തിൽ മറ്റെല്ലാ കാര്യങ്ങളും മറന്നിരിക്കുന്നു.ഓരോരുത്തരും നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് വരദാനം പ്രാപ്തമാകുന്നതിനുള്ള ഉണർവിലും ഉന്മേഷത്തിലുമാണ്.എല്ലാ ഭാഗത്തും ബാപ്ദാദ കറങ്ങിയപ്പോൾ എന്താണ് കണ്ടത്?ഭൂരിഭാഗം പേരും ശരീരം അനുസരിച്ച് തന്റെ സ്ഥാനത്ത് തന്നെയാണ് എന്നാൽ മനസ്സിന്റെ ലഹരി മധുബന്റെ നേരെയാണ്.അവ്യക്ത രൂപത്തിൽ യോഗയുക്തരായ കുട്ടികൾ സ്വയം മധുബനിലാണ് എന്ന അനുഭവം ചെയ്യുന്നു.നാനാ ഭാഗത്തുമുള്ള കുട്ടികളുടെ സ്വരൂപം വേഴാമ്പലിനെ പോലെ കാണപ്പെടുന്നു.ഓർമ്മയുടെ യാത്രയുടെ ചാർട്ടിൽ എന്താണ് കാണുന്നത്.ഇത് പദവിയുടെയും പദവിയില്ലായ്മയുടെയും കളിയാണ്.ഓരോരുത്തരും യഥാശക്തിയനുസരിച്ച് തന്റെ പദവിയിൽ നിലനിൽക്കാൻ ശ്രമിക്കുന്നു.എന്നാൽ മായ പദവിയെ ഭ്രഷ്ടമാക്കാൻ വേണ്ടി വിഘ്നസ്വരൂപരാക്കി തീർക്കുന്നു. ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്?ഒന്ന് ദിവസത്തെ ദിനചര്യയിൽ നിരന്തരം ശ്രദ്ധ പതിപ്പിക്കുന്നതിനുള്ള കുറവ്.രണ്ടാമത്തേത് ശുദ്ധസങ്കൽപ്പങ്ങളുടെ ഖജനാവ് പ്രാപ്തമാകാത്തതിനാൽ വ്യർത്ഥ സങ്കൽപ്പങ്ങളിൽ വളരെയധികം സമയം പാഴാക്കുന്നു.മനന ശക്തി വളരെ കുറവാണ്.വളരെ ചെറിയ കാര്യങ്ങളെ വലുതായി കണ്ട് അതിനെ പരിഹരിക്കാൻ വേണ്ടി വളരെയധികം സമയം പാഴാക്കുന്നതാണ് മൂന്നാമത്തെ കാരണം.ഓരോ സമയത്തും ഓരോ പരിസ്ഥിതികളെയും മറികടക്കുന്നതിനുള്ള ധാരാളം യുക്തികൾ നമുക്കുണ്ട്.എന്നാൽ വിഘ്നം വരുന്ന സമയത്ത് പരിഭ്രമിക്കുന്നത് കാരണം വിഘ്നങ്ങളെ മറികടക്കുന്നതിനുള്ള യുക്തികൾ വിസ്മരിച്ച് പോകുന്നു.നാലാമത്തേത് നമ്മുടെ തന്നെ സ്വഭാവ സംസ്കാരമാണ്.ആഗ്രഹിക്കുന്നില്ലെങ്കിൽ കൂടിയും രചയിതാവ് പറഞ്ഞിട്ടും നിരന്തരം സ്വഭാവസംസ്കാരത്തിൽ വശപ്പെട്ട് പോകുന്നു.തന്റെ അനാദി ആദി സംസ്കാരം സ്മൃതിയിൽ വരാത്തതിനാൽ ഇപ്പോഴുള്ള സ്വഭാവ സംസ്കാരം മറികടക്കാനുള്ള കഴിവ് ലഭിക്കുന്നില്ല.ഇങ്ങനെ നാല് പ്രകാരത്തിലും ഉള്ള യോദ്ധാക്കളെ കണ്ടു.യോദ്ധാക്കൾ എന്ന് കേൾക്കുമ്പോൾ ചിരിയാണ് വരുന്നത്.പ്രായോഗിക തലത്തിലേക്ക് അതായത് വ്യാവഹാരിക കർമ്മത്തിലേക്ക് വരുമ്പോഴാണ് ചിരി വരുന്നത്.ബാപ്ദാദക്ക് ഇത്തരത്തിലുള്ള കുട്ടികളോട് കാരുണ്യവും മംഗളത്തിന്റെ സങ്കൽപ്പവും വരുന്നു.ഭൂരിഭാഗം പേരും വ്യർത്ഥ സങ്കൽപ്പങ്ങളുടെ പരാതിയാണ് പറയുന്നത്.വ്യർത്ഥസങ്കൽപ്പങ്ങളാൽ ശരീരവും മനസ്സും ദുർബലമായിരിക്കുന്നു.വ്യർത്ഥ സങ്കൽപ്പങ്ങളുടെ കാരണം എന്താണ്?കേൾപ്പിക്കുകയാണ് തന്റെ ദിനചര്യ സെറ്റ് ചെയ്യാത്തത് കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്.

അമൃതവേളയിൽ ദിവസത്തേക്കുള്ള ശരീരത്തിന്റെയും മനസ്സിന്റെയും ദിനചര്യ സെറ്റ് ചെയ്യണം. ശരീരത്തിന്റെയും സ്ഥൂലകാര്യങ്ങളുടെയും ദിനചര്യ സെറ്റ് ചെയ്തു വെക്കുന്നത് പോലെ മനസ്സിന്റെ സ്ഥിതിയും സെറ്റ് ചെയ്ത് വെക്കണം.അമൃതവേളയിൽ ഓർമ്മയുടെ യാത്രയുടെ സമയം സെറ്റ് ചെയ്ത് വെക്കാറു

ണ്ട്.അത്രയും ആകർഷണവും സന്തോഷവും നൽകുന്ന ഈ നേരത്തിൽ സമയത്തിന്റെ സഹയോഗവും സതോപ്രധാന ബുദ്ധിയുടെ സഹയോഗവും ലഭിക്കും.ഈ സമയത്ത് മനസ്സിന്റെ സ്ഥിതിയും ഏറ്റവും ശക്തിശാലിയായി തീരും.ബാബയെ പോലെ ബീജരൂപ സ്ഥിതി കൈവരിക്കുന്നതിനെയാണ് ശക്തിശാലി അവസ്ഥ എന്ന് പറയുന്നത്.അമൃതവേള ശ്രേഷ്ഠ സമയമാണ് അതിനാൽ ആ സമയം ശ്രേഷ്ഠ സ്ഥിതി നേടണം.കർമ്മം ചെയ്യുമ്പോൾ വേണമെങ്കിൽ സാധാരണ സ്ഥിതിയിലാകാം എന്നാൽ ഇത് വിശേഷ വരദാനത്തിന്റെ സമയമാണ്.ഈ സമയത്തെ യഥാർത്ഥ രീതിയിൽ ഉപയോഗിക്കാത്തത് കാരണം ആ ദിവസം മുഴുവനും അതിന്റെ പ്രഭാവം ഉണ്ടാകും.അതിനാൽ ഏറ്റവും ആദ്യത്തെ ശ്രദ്ധ അമൃതവേളയിൽ ശക്തിശാലി സ്ഥിതി കൈവരിക്കുന്നതിൽ തന്നെയായിരിക്കണം.

രണ്ടാമത്തെ കാര്യം ജ്ഞാനത്തിന്റെ ഗുപ്തമായ കാര്യങ്ങളെ നിരന്തരം കേൾക്കുമ്പോൾ അതിൽ നിന്നും ലഭിക്കുന്ന ജ്ഞാനബിന്ദുക്കളെ അനുഭവീ മൂർത്തിയായി കേൾക്കുന്നില്ല എന്നതാണ്.ജ്ഞാനികൾ ഓരോ കാര്യത്തിന്റെയും സ്വരൂപത്തെ അനുഭവം ചെയ്യും.കേൾക്കുക എന്ന് പറഞ്ഞാൽ ആ കേൾക്കുന്ന കാര്യത്തിന്റെ സ്വരൂപമായിരുന്ന് അതിനെ അനുഭവം ചെയ്ത് കേൾക്കുക എന്നതാണ്.എന്നാൽ വളരെ കുറച്ച് പേരാണ് അനുഭവീ മൂർത്തികളാകുന്നത്.വളരെ നന്നായി കേൾക്കുന്നുണ്ട്,ഗുപ്തമായ കാര്യങ്ങൾ മനസ്സിലാകുന്നുണ്ട്,സന്തോഷം ലഭിക്കുന്നുണ്ട്,പക്ഷെ സമാന അവസ്ഥ അതായത് സ്വരൂപരായിരിക്കുക ഇതിലാണ് അഭ്യാസം വേണ്ടത്.ഞാൻ ആത്മാവ് നിരാകാരനാണ് എന്ന് വളരെയധികം കേട്ടതാണ് എന്നാൽ നിരാകാര സ്ഥിതിയുടെ അനുഭവിയായി തീർന്ന് കേൾക്കണം.എങ്ങനെയാണോ ജ്ഞാനബിന്ദുക്കൾ അങ്ങനെയായിരിക്കും അങ്ങനെയായിരിക്കും നമ്മുടെ അനുഭവവും.പരംധാമത്തിന്റെ കാര്യങ്ങൾ കേൾക്കുമ്പോൾ പരംധാമനിവാസിയായി തന്നെ കേൾക്കണം.സ്വർഗത്തിന്റെ കാര്യങ്ങൾ കേൾക്കുമ്പോൾ സ്വർഗവാസിയായി തീരണം.കേൾക്കുക എന്നുപറഞ്ഞാൽ ആയിത്തീരുക എന്നാണ് അർത്ഥം. ആയിത്തീരുക എന്നാൽ സ്വരൂപത്തിലേക്ക് എത്തിച്ചേരുക എന്നർത്ഥം.ഈ രീതിയിലാണ് മുരളി കേൾക്കുന്നതെങ്കിൽ ശുദ്ധസങ്കൽപ്പങ്ങളുടെ ഖജനാവ് വന്നുചേരും.ഈ ഖജനാവിനെ നിരന്തരം സ്മരിച്ച് ബുദ്ധിയെ ബിസിയാക്കി വെക്കണം.അപ്പോൾ വ്യർത്ഥ സങ്കല്പങ്ങൾ സഹജമായി ഓരത്തേക്ക് പോകും.അനുഭവിയായി തീർന്ന് കേൾക്കുന്നില്ലെങ്കിൽ ബാബയുടെ ഖജനാവിനെ തന്റെ ഖജനാവാക്കി തീർക്കാൻ കഴിയില്ല.ഉള്ളിനെ കാലിയാക്കി വെക്കുന്നുണ്ടെങ്കിൽ വ്യർത്ഥസങ്കൽപ്പങ്ങൾക്ക് ഇടം കൊടുക്കുക എന്നതാണ് അർത്ഥം.മുന്നോട്ട് പോകുന്തോറും ദിനചര്യയിൽ എന്തൊക്കെ കുറവുകളുണ്ടെന്ന് മറ്റൊരു ദിവസം പറഞ്ഞുതരാം.ആദ്യം ഈ രണ്ട് കാര്യങ്ങളെയും ശരിയാക്കൂ.അധികം ഡോസ് തരുന്നില്ല.**(27.05.1977)**

ബാപ്ദാദ കുട്ടികളുടെ ദിവസം മുഴുവനുമുള്ള ദിനചര്യ പരിശോധിക്കുകയാണ്. റിസൾട്ട് നോക്കിയപ്പോൾ സമയമനുസരിച്ച് സ്മൃതിസ്വരൂപരായി തീരുന്ന അഭ്യാസത്തിൽ കുറവ് കാണുന്നുണ്ട്. സ്മൃതിയുണ്ട് പക്ഷെ സ്വരൂപത്തിൽ വരുന്നില്ല.അമൃതവേളയിൽ സമയമുണ്ട്.ഈ സമയത്ത് വിശേഷ കുട്ടികൾക്ക് സർവശക്തികളുടെ വരദാനത്തിന്റെയും സർവ്വ അനുഭവങ്ങളുടെ വരദാനത്തിന്റെയും ബാബയെ പോലെ ലൈറ്റ് മൈറ്റ് സ്വരൂപത്തിൽ നിൽക്കുന്നതും പ്രയത്നം കുറഞ്ഞ് പ്രാപ്തി അധികമായതുമായ സുവർണ്ണ സമയമാണ് ഇത്. ആ സമയത്ത് മാസ്റ്റർ ബീജരൂപ വരദാനി സ്വരൂപത്തിന്റെ സ്മൃതി ഉണ്ടാവണം.സമർത്ഥ സ്വരൂപത്തിന് പകരം ബാബയ്ക്ക് സമാനമാകുന്നതിനുള്ള സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് പകരം ഏത് സ്വരൂപമാണ് ധാരണ ചെയ്യുന്നത്?ഭൂരിഭാഗം പേരും ആലസ്യത്തോടെ ഇരിക്കുന്നു എന്ന പരാതിയാണ് പറയുന്നത്.വരദാനി വിശ്വകല്യാണി സ്വരൂപത്തിന് പകരം വരദാനം യാചിക്കുന്നവരായി തീർന്നിരിക്കുകയാണ്.തന്റെയും മറ്റുള്ളവരുടെയും പരാതിയാണോ കേൾപ്പിക്കുന്നത്.ആ സമയത്ത് സ്മൃതി സ്വരൂപരായി തീർന്നില്ലെങ്കിൽ ഒരിക്കലും സമർത്ഥ സ്വരൂപരായി തീരാൻ കഴിയില്ല. ബാബ കേൾപ്പിച്ചതിനെ സമയമനുസരിച്ച് അതിന്റെ സ്വരൂപത്തെ ധാരണ ചെയ്തില്ലെങ്കിൽ ഒരിക്കലും സഫലത ഉണ്ടാവില്ല.പ്രാപ്തിയും ഉണ്ടാവില്ല.പിന്നീട് പറയുന്ന എന്തുകൊണ്ട് സന്തോഷം ഉണ്ടാവു

ന്നില്ല? ഇതിന്റെ കാരണം എന്താണ്?മന്ത്രത്തെയും യന്ത്രത്തെയും മറന്ന് പോയത് തന്നെയാണ് കാരണം.**(10.06.1977)**

ആരാണോ ബാബയുടെ സ്മൃതിയിൽ ഇരിക്കുന്നത് അവരുടെ മുകളിൽ സദാ ബാബയുടെ കൈകൾ ഉണ്ടായിരിക്കും.എല്ലാവരും വളരെയധികം ഭാഗ്യശാലികളാണ് വീട്ടിലിരുന്ന് തന്നെ ഭഗവാനെ കിട്ടിയല്ലോ.ഇതിലും വലിയ ഭാഗ്യം മറ്റെന്താണ് വേണ്ടത്?സ്വപ്നത്തിൽ പോലും ഇല്ലാത്തത് സാകാരത്തിൽ വന്നിരിക്കുകയാണ് ഇനിയെന്താണ് വേണ്ടത്.ആദ്യം ബാബ താങ്കളുടെ അടുത്ത് വന്ന പിന്നെയാണ് താങ്കൾ വന്നത്.ഇതുപോലെ സദാ തന്റെ ഭാഗ്യത്തെ വർണന ചെയ്ത് സന്തോഷത്തിലിരിക്കണം.ഭഗവാനെ ഞാൻ എന്റേതാക്കി മാറ്റിയിരിക്കുകയാണ്.എവിടെയിരുന്നാലും ശരി എല്ലാ കർമ്മത്തിലും എല്ലാ ദിനചര്യയിലും ബാബയെ തന്റെ കൂടെ വെക്കുന്നതിന്റെ അനുഭവം ചെയ്യണം.**(01.12.1978)**

**സംഗമയുഗത്തിലും ഭവിഷ്യ സംബന്ധത്തിലും സമാനതയുടെ അനുഭവം ചെയ്യുന്ന ആത്മാക്കൾ**

എല്ലാ കുട്ടികൾക്കും ബാപ്ദാദയിലൂടെ ബുദ്ധിരൂപമാകുന്ന ലിഫ്റ്റ് എന്ന സമ്മാനം കിട്ടിയിട്ടുണ്ട്. ഈ സമ്മാനം എല്ലാവർക്കും ലഭിച്ചിട്ടുണ്ട് എന്നാൽ ഇതിനെ കാര്യത്തിലേക്ക് കൊണ്ടുവരുക എന്നത് അവരവരുടെ ഉത്തരവാദിത്തമാണ്.വളരെ ശക്തിയുള്ളതും വളരെ സഹജമായതുമായ ലിഫ്റ്റ് ആണിത്.എവിടെയാണോ പോകാൻ ആഗ്രഹിക്കുന്നത് നിമിഷനേരം കൊണ്ട് അവിടെയെത്താൻ സാധിക്കും.ഈ അത്ഭുതകരമായ ലിഫ്റ്റ് മൂന്ന ലോകത്തും എത്തിക്കും.സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്താൽ ആ നിമിഷം തന്നെ ആഗ്രഹിക്കുന്ന സ്ഥലത്ത് എത്തിച്ചേരും.ലിഫ്റ്റിലൂടെ ആഗ്രഹിക്കുന്നത്ര സമയം ആഗ്രഹിക്കുന്ന ലോകത്തിൽ നിൽക്കാം.അമൃതവേളയിൽ ശ്രദ്ധാലുവായി തീർന്ന് സ്മൃതിയുടെ സ്വിച്ച് യഥാർത്ഥ രീതിയിൽ സെറ്റ് ചെയ്യുക എന്നതാണ് ലിഫ്റ്റിന്റെ വിശേഷ ഉപയോഗത്തിനുള്ള വിധി.ഈ വിധി ഉപയോഗിക്കുകയാണെങ്കിൽ ദിവസം മുഴുവനുമുള്ള കാര്യങ്ങൾ വളരെ സ്വാഭാവികമായി മുന്നോട്ട് പോകും.സെറ്റ് ചെയ്യണം.നിങ്ങൾ നല്ലതരത്തിലുള്ള അഭ്യാസിയാണ്.ദിവ്യബുദ്ധിയാകുന്ന ലിഫ്റ്റ് മറ്റെവിടെയും പോകരുത്.ഈ ലിഫ്റ്റിനെ മികച്ച രീതിയിൽ കാര്യത്തിൽ ഉപയോഗിക്കുകയാണെങ്കിൽ ഒരിക്കൽ പോലും ഇത് നമ്മളെ ചതിക്കില്ല.സംഗമയുഗത്തിലെ ലിഫ്റ്റ് ഈ ദിവ്യബുദ്ധിയുടെ ലിഫ്റ്റ് തന്നെയാണ്.അതിന്റെ കൂടെ ഭാവിയിലെ സ്വർഗത്തിന്റെ സമ്മാനവും ബാപ്ദാദ ഇപ്പോൾ തരുകയാണ്.സ്വർഗ്ഗവാതിലിന്റെ താക്കോൽ ബാബ കുട്ടികൾക്കാണ് തരുന്നത്.അധികാരിയാകുന്നതിന്റെ താക്കോൽ ആണ് തരുന്നത്. അധികാരി എന്ന താക്കോൽ ഉപയോഗിച്ചാണ് നിങ്ങൾ വാതിൽ തുറക്കുന്നത്.അതിനാൽ നമ്പർവൺ അധികാരിയായി തീരുന്നത് ആരാണ്?അധികാരി എന്ന താക്കോൽ ഉപയോഗിച്ച് ഏറ്റവും ആദ്യം ഗേറ്റ് തുറക്കുന്നത് ആരാണ് എന്ന് അവർക്ക് തന്നെ അറിയാം.എന്നാൽ ഒറ്റയ്ക്ക് ആയിരിക്കില്ല ആ ഗേറ്റ് തുറക്കുന്നത്.ഉദ്ഘാടന സമയത്ത് നിങ്ങളെല്ലാവരും ഉണ്ടാകും.എന്നാൽ നിങ്ങൾ ഉദ്ഘാടനം കാണുന്നവരാണോ അല്ലെങ്കിൽ ഉദ്ഘാടനം ചെയ്യുന്നവരാണോ?കൂടെയുണ്ടാകുമോ? ഏറ്റവും കുറഞ്ഞത് കൈയടിക്കാനെങ്കിലും കൂടെയുണ്ടാകുമോ?സന്തോഷങ്ങളുടെ പുഷ്പം വർഷിക്കുന്നില്ലേ?സമയത്തിന്റെ സമീപത കണ്ടിട്ട് ബാപ്ദാദ എല്ലാ കുട്ടികളെയും തന്റെ സമീപ സംബന്ധത്തിൽ തന്നെ കാണാൻ ആഗ്രഹിക്കുന്നു. ഏറ്റവും അടുത്ത് നിൽക്കുന്നവർ ആരാണ്?അല്പം അടുത്തേക്ക് നിൽക്കുന്നവർ ആരാണ്?കുറച്ച് ദൂരം പാലിക്കുന്നവർ ആരാണ്?കുട്ടികളുടെ ഡബിൾ ഭാവിയാണ് ബാപ്ദാദയുടെ മുന്നിൽ വരുന്നത്.ഒന്ന് ബാബയെ പോലെയായി തീരുന്നതിനുള്ള സംഗമയുഗത്തിലെ ഭാവി.രണ്ടാമത്തേത് സ്വർഗത്തിലെ ആദ്യ ജന്മത്തിന്റെ ഭാവി.ഇവിടെ(സംഗമയുഗത്തിൽ) സമാനതയിലും അവിടെ(സത്യയുഗത്തിൽ)സംബന്ധത്തിലും സാമീപ്യത ഉണ്ടാകും.ഇവിടെ ബാബയുമായി എത്രത്തോളം സാമീപ്യത ഉണ്ടാകുന്നുവോ അത്രയും സാമീപ്യത മൂലവതനത്തിലും ഉണ്ടാകും.സ്വർഗത്തിൽ ദിനചര്യയുടെ ആധാരത്തിൽ സംബന്ധത്തിന്റെ കൂട്ടുകെട്ട് ഉണ്ടാകും.ഇവിടെ നിങ്ങൾ ബാബയോട് പറഞ്ഞു നിന്റെ കൂടെയേ കഴിക്കൂ,നിന്റെ കൂടെയേ ക

ളിച്ചു നിന്റെ കൂടെയേ ചേരൂ എന്നൊക്കെ.അതിന്റെ ആധാരത്തിൽ ഭാവിയിൽ പൂന്തോട്ടത്തിൽ കളിക്കുകയും രാസനൃത്തം ചെയ്യുകയും പാഠശാലയിൽ പഠിക്കുകയും സദാ കൂടികാഴ്ചയുടെയും കൂട്ടുകെട്ടിന്റെയും അനുഭൂതിയിൽ രാജ്യം ഭരിക്കുകയും ചെയ്യും.ബ്രഹ്മാബാബ സദാ സ്വരാജ്യ അധികാരിയായിരുന്നു.സ്വയത്തിന് അധീനമാകുന്നതിന് പകരം സ്വയത്തിന്റെ അധികാരിയായിരുന്നു.അങ്ങനെ ബ്രഹ്മാബാബയെ ഫോളോ ചെയ്യുന്നവരുടെ സാകാര സങ്കല്പം സ്വരാജ്യ അധികാരം നമ്മുടെ ജന്മസിദ്ധ അധികാരമായിരിക്കും എന്നതായിരിക്കും.അങ്ങനെ സ്വരാജ്യം ചെയ്യുന്നവർ അവിടെയും രാജ്യം ഭരിക്കുന്നവരായിരിക്കും.ഇവിടെ ഏറ്റവും കൃത്യനിഷ്ഠ പാലിക്കുന്ന വിദ്യാർഥി അവിടെയും ഏറ്റവും മികച്ചതായിരിക്കും.ബ്രഹ്മാബാബ ഏറ്റവും മികച്ച വിദ്യാർഥിയാണല്ലോ?ആരാണോ ഇവിടെ ബാബയുടെ കൂടെ അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാലിലാട്ടുന്നത് അവർ അവിടെയും ഊഞ്ഞാലിലാടും.ആരാണോ ഇവിടെ അനേക പ്രാപ്തികളുടെ സന്തോഷത്തിൽ നൃത്തം ചെയ്യുന്നത് അവർ അവിടെ രാസനൃത്തമാടും ആരാണോ ബാബയുടെ ഗുണത്തിന്റെയും സംസ്കാരത്തിന്റെയും സർവ്വസംബന്ധങ്ങളുടെയും സാമീപ്യതയെ ഇവിടെ അനുഭവം ചെയ്യുന്നത്  അവർ അവിടെ രാജകീയ കുലത്തിന്റെ സാമീപ്യതയിലേക്കും സംബന്ധത്തിലേക്കും വരും.അതിനാൽ ബാപ്ദാദ ഓരോരുത്തരുടെയും കണ്ണിൽ രണ്ടിന്റെയും ഭാവിയെ കാണുന്നു.ആദ്യ ജന്മത്തിൽ വരുക എന്നതാണ് ഏറ്റവും ശ്രേഷ്ഠ പ്രാലബ്ധം.**(08.01.1979)**

## എങ്ങനെയാണ് ബിസിയായി മാറുന്നത്

കർമ്മം കൊണ്ടും വാക്ക് കൊണ്ടും സേവനം ചെയ്യുന്നുണ്ട്.എന്നാൽ മനസ്സിന്റെ ദിനചര്യയെയും സെറ്റ് ചെയ്ത് വെക്കണം.മനസ്സിനെ ബിസിയാക്കി വെക്കുകയാണെങ്കിൽ സഹജമായി മായാജിത്തായി തീരാൻ കഴിയും.നാം വെറുതെ ഇരിക്കുകയാണെങ്കിൽ ആ അലസത കണ്ട് മായ നമ്മുടെ അടുത്തേക്ക് വരും. അഥവാ തിരക്കുള്ളതാണെങ്കിൽ മായ ഓരത്തേക്ക് പോകും.സ്വയം തിരക്കുള്ളതാക്കി വെച്ചില്ലെങ്കിലും മനസ്സിന്റെ ചാർട്ടിനെ സെറ്റ് ചെയ്ത് വെച്ചില്ലെങ്കിലും മായ വരുകയും ബുദ്ധിമുട്ട് തരുകയും ചെയ്യുന്നു.ഈ പഠനത്തോട് ഹൃദയത്തിൽ നിന്നുള്ള പ്രേമം വരണം.ആർക്കാണോ ഈ പഠനത്തോട് ഹൃദയം കൊണ്ട് സ്നേഹം ഉള്ളത്.അവർ സദാ സ്വയത്തെയും മറ്റുള്ളവരെയും ബിസിയാക്കി വെക്കും.ഇനി ഇടയ്ക്കിടയ്ക്ക് മാത്രമാണ് സ്നേഹം വരുന്നതെങ്കിൽ അവരുടെ മനസ്സിന്റെ തിരക്കും ഇടയ്ക്കിടയ്ക്ക് മാത്രമായിരിക്കും. അതിനാൽ സദാ തിരക്കുള്ളതാക്കി വെച്ചാൽ സ്വയത്തെയും മറ്റുള്ളവരെയും വിഘ്നവിനാശകരാക്കി തീർക്കാൻ കഴിയും.പദ്ധതികളാൽ ബുദ്ധിയെ സമ്പന്നമാക്കി വെക്കണം.ആദ്യം സ്വയത്തിന്റെ പദ്ധതികളും പിന്നീട് സേവനത്തിന്റെ പദ്ധതികളും ഉണ്ടാക്കണം.ഇങ്ങനെ പദ്ധതികളാൽ സമ്പന്നമായ ബുദ്ധി സദാ തിരക്കുള്ളതായിരിക്കും.നിർദേശം അനുസരിച്ച് നടക്കുമ്പോൾ ബുദ്ധി ചിലപ്പോൾ ഫ്രീയും ചിലപ്പോൾ ബിസിയും ആകാം.എന്നാൽ ബാബയുടെ നിർദേശം കിട്ടിയിരിക്കുകയാണ് പ്ലാനിംഗ് ബുദ്ധിയായി തീരൂ. സ്വയത്തിന് വേണ്ടിയും മറ്റുള്ളവർക്ക് വേണ്ടിയും പദ്ധതികൾ ഉണ്ടാക്കൂ.വ്യക്തമായ പ്ലാനിംഗ് ബുദ്ധിയാണോ അഥവാ ഉണ്ടാക്കപെട്ട പ്ലാനുകൾ കിട്ടിയാൽ ചെയ്യാം എന്ന് കരുതുന്ന ബുദ്ധിയാണോ. ആദ്യം സ്വയത്തിന്റെ ടീച്ചർ ആകൂ. അതിനു ശേഷം മതി മറ്റുള്ളവരുടെ ടീച്ചറാകുന്നത്.**(03.12.1979)**

## സംഗമയുഗീ ചക്രവർത്തിയാണ് സത്യയുഗീ ചക്രവർത്തിയാകുന്നത്

ബാപ്ദാദ ഇന്ന് സംഗമയുഗീ ബേഗംപൂർ(നിശ്ചിന്ത ചക്രവർത്തി)ചക്രവർത്തിമാരുടെ സഭയെ നോക്കി കൊണ്ടിരിക്കുകയാണ്.ബേഗംപൂർ എന്ന് പറഞ്ഞാൽ സംഗമയുഗമാണ്. സംഗമയുഗത്തിലെ സർവ്വ ബ്രാഹ്മണരും ബേഗംപൂരിലെ ചക്രവർത്തിമാരാണ്.സംഗമയുഗീ ബേഗംപൂർ ചക്രവർത്തിമാരുടെ മുന്നിൽ സ

ത്യയുഗ ചക്രവർത്തിമാർ ഒന്നും തന്നെയല്ല.വർത്തമാന സമയത്തെ പ്രാപ്തിയും സന്തോഷവും സത്യയുഗ ചക്രവർത്തിമാരെക്കാളും പദമാഗുണം ശ്രേഷ്ഠമാണ്.

ഇന്ന് വതനത്തിൽ സത്യയുഗത്തിലെയും സംഗമയുഗത്തിലെയും ചക്രവർത്തിമാർ തമ്മിലുള്ള വ്യത്യാസത്തെ കുറിച്ച് ആദ്ധ്യാത്മിക ചർച്ച നടന്നിരുന്നു.ആ ദിവസങ്ങളിൽ സത്യയുഗ ചക്രവർത്തിമാരെ കുറിച്ച് വളരെ കേട്ടു.എന്നാൽ സംഗമയുഗത്തിലെ ശ്രേഷ്ഠതയും വളരെയധികമാണ്.അതിന്റെയും അനുഭവം ഉണ്ടല്ലോ?

(1)സത്യയുഗത്തിലെ ദിനചര്യയിൽ പ്രകൃതി സ്വാഭാവികമായി കാണുന്നു.എന്നാൽ സംഗമയുഗത്തിൽ ബ്രാഹ്മണരുടെ ആദികാലം അമൃതവേളയാണ്.അമൃതവേളയുടെ ശ്രേഷ്ഠത എത്ര മഹത്തരമാണ്.അവിടെ പ്രകൃതിയാണെങ്കിൽ സംഗമയുഗത്തിലെ ആദികാലത്തിലെ അമൃതവേളയിൽ സ്വയം പ്രകൃതിയുടെ അധികാരിയായ ഭഗവാനാണ് നിങ്ങളെ ഉണർത്തുന്നത്.(2)മധുരഗീതം ആരാണ് കേൾപ്പിക്കുന്നത്? ബാബ ദിവസവും മധുരമായ കുട്ടികളെ എന്ന് വിളിക്കുന്നു.സത്യയുഗത്തിലെ സ്വാഭാവിക ഗീതത്തേക്കാൾ ഇവിടത്തെ ഈശ്വരീയ ഗീതം എത്ര മഹത്തരമാണ്.അതിനാൽ സത്യയുഗത്തിലെ ഗീതമാണോ സംഗമയുഗത്തിലെ ഗീതമാണോ മഹത്തരമായത്.സത്യയുഗത്തിലെ സംസ്കാരവും പ്രാലബ്ധവും ഉണ്ടാക്കുന്ന സമയമാണ് ഇത്.ഇതെല്ലാം ഈ സംഗമയുഗത്തിലാണ് നടക്കുന്നത്.(3)അവിടത്തെ വൃക്ഷങ്ങളിൽ നിന്ന് സാത്വികവും സ്വാദിഷ്ടവുമായ പഴങ്ങളാണ് ലഭിക്കുന്നത്.എന്നാൽ ഇവിടെ വൃക്ഷപതിയിലൂടെ നിങ്ങൾക്ക് സർവ്വ സംബന്ധങ്ങളുടെയും സർവ്വ പ്രാപ്തികളുടെയും സമ്പന്നതയുടെയും പ്രത്യക്ഷ പഴമാണ് ലഭിക്കുന്നത്.അപ്പോൾ ഏതാണ് ശ്രേഷ്ഠമായിരിക്കുന്നത്? (4)ആ പഴം സ്വർണിമയുഗത്തിലേതാണെങ്കിൽ ഈ പഴം വജ്രയുഗത്തിലേതാണ്.അപ്പോൾ ഏതാണ് ഏറ്റവും ശ്രേഷ്ഠമായിരിക്കുന്നത്? (5)അവിടെ ദാസദാസിമാരുടെ കൈയിലാണ് വിശറിയുള്ളത് എന്നാൽ ഇവിടെ ബാബയുടെ കൈയിലാണ് വിശറിയുള്ളത്. (6)അവിടെ മഹാത്മാക്കൾ തന്നെയാണ് അച്ഛനും അമ്മയും ആയിരിക്കുന്നത് എന്നാൽ ഇവിടെ സ്വയം പരമാത്മാവാണ് നമ്മുടെ അച്ഛനും അമ്മയുമായിരിക്കുന്നത്. (7)അവിടെ രത്നകവചിതമായ ഊഞ്ഞാലിൽ ആട്ടം.എന്നാൽ ഏറ്റവും വലിയ ഊഞ്ഞാൽ ഏതാണ്?അതറിയാമോ?ബാബയുടെ മടിത്തട്ടാണ് ആ ഊഞ്ഞാൽ.കുട്ടികളുടെ ഏറ്റവും പ്രിയപ്പെട്ട ഊഞ്ഞാൽ മാതാപിതാക്കളുടെ മടിത്തട്ടാണ്.കേവലം ഒരേയൊരു ഊഞ്ഞാലല്ല പല പ്രകാരത്തിലുള്ള ഊഞ്ഞാലുകളുണ്ട്.അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാൽ,സന്തോഷത്തിന്റെ ഊഞ്ഞാൽ,രത്ന കവചിതമായ ഊഞ്ഞാൽ,എന്നാൽ ഇവിടത്തെ ഊഞ്ഞാലാണ് ഏറ്റവും മഹത്തരമായത്. (8)അവിടെ രത്നങ്ങൾ കൊണ്ട് കളിക്കും,കളിപ്പാട്ടങ്ങൾ കൊണ്ട് കളിക്കും,പരസ്പരം കളിക്കും എന്നാൽ ബാബ പറയുകയാണ് ഇവിടെ നിങ്ങൾ എത് രൂപത്തിലാണോ ആഗ്രഹിക്കുന്നത് ആ രൂപത്തിൽ എന്റെ കൂടെ കളിക്കാൻ സാധിക്കും.സഖാവ്,ബന്ധു എന്നീ ഭാവത്തിലും കളിക്കാം.കുട്ടി എന്ന രൂപത്തിൽ പോലും കളിക്കാം.ഇത്തരത്തിലുള്ള നശിക്കാത്ത കളിക്കൂട്ടുകാരനെ മറ്റെവിടെയും കിട്ടില്ല. (9)അവിടെ വിശ്രമത്തിന്റെ കിടക്കയിൽ ഉറങ്ങുമ്പോൾ ഇവിടെ ബാബയുടെ ഓർമ്മയുടെ കിടക്കയിലാണ് ഉറങ്ങുന്നത്. (10)അവിടെ നിങ്ങൾ നിദ്രാലോകത്തിൽ പോകുമ്പോൾ ഇവിടെ സംഗമത്തിൽ നിങ്ങൾ ബാബയുടെ കൂടെ സൂക്ഷ്മവതനത്തിൽ പോകുന്നു. (11)അവിടെ വിമാനത്തിൽ ഒരു ലോകത്തിലേക്ക് സവാരി ചെയ്യുമ്പോൾ ഇവിടെ ബുദ്ധിരൂപമാകുന്ന വിമാനം കൊണ്ട് മൂന്ന് ലോകത്തിലേക്ക് സവാരി ചെയ്യുന്നു. (12)അവിടെ വിശ്വനാഥൻ എന്നുപറയുമ്പോൾ ഇവിടെ ത്രിലോകീ നാഥൻ എന്നാണ് പറയുന്നത്. (13)അവിടെ രണ്ടു കണ്ണാണ് ഉണ്ടാവുന്നത് എന്നാൽ ഇവിടെ മൂന്ന് കണ്ണാണ് ഉള്ളത്. (14)സംഗമയുഗത്തിലാണ് ജ്ഞാനവും,ശക്തിയും,ആശിർവാദവും പ്രാപ്തമാകുന്നത്.ഇതിലൂടെ അവിടെ റോയൽ ബുദ്ധു ആയിത്തീരുന്നു. (15)ലോകത്തിന്റെ കണ്ണിലൂടെ നോക്കിയാൽ പരമപൂജ്യരും ആദരിക്കപ്പെടുന്നവരുമായി തീരും.എന്നാൽ ജ്ഞാനത്തിന്റെ കണ്ണിലൂടെ നോക്കിയാൽ അതിമഹത്തായ വ്യത്യാസമാണ് സ്വയത്തിൽ അനുഭവിക്കുന്നത്. (16)ഇവിടെ ബാബയിലൂടെ നിങ്ങൾ ഗുഡ്മോർണിംഗ് ,ഗുഡ്നൈറ്റ് എന്ന് കേൾക്കുന്നുണ്ട്.എന്നാൽ അവിടെ ആത്മാക്കൾ ആത്മാക്കളിൽ നി

ന്നാണ് കേൾക്കുന്നത്. (17)അവിടെ നിങ്ങൾ വിശ്വരാജ്യാധികാരിയാണ് രാജ്യം ഭരിക്കുന്നുണ്ട്.എന്നാൽ ഇവിടെ നിങ്ങൾ വിശ്വകല്യാണകാരിയും മഹാദാനിയും വരദാനിയുമാണ്.അങ്ങനെയാണെങ്കിൽ ഏതാണ് ശ്രേഷ്ഠമായിരിക്കുന്നത്?സത്യയുഗത്തിലെ കാര്യങ്ങൾ കേട്ടിട്ട് സദാ സന്തോഷവാൻമാരായിരിക്കുന്നുണ്ട്. (18)അവിടെ വിവിധ പ്രകാരത്തിലുള്ള ഭക്ഷണമാണ് നിങ്ങൾ കഴിക്കുന്നത്.എന്നാൽ ഇവിടെ ദേവതകളുടെ ഭോജനത്തേക്കാളും അതിശ്രേഷ്ഠമായ ബ്രഹ്മാഭോജനമാണ് നിങ്ങൾ കഴിക്കുന്നത്. അതിനാൽ സദാ സത്യയുഗ പ്രാലബ്ധത്തെയും വർത്തമാന സമയത്തിന്റെ മഹത്വത്തെയും പ്രാപ്തിയെയും കൂടെ വെക്കണം.വർത്തമാന സമയത്തെ തിരിച്ചറിയുകയാണെങ്കിൽ ഓരോ നിമിഷവും ഓരോ സങ്കൽപ്പവും ശ്രേഷ്ഠമായി തീരും.മനസ്സിലായില്ലേ....**(07.01.1980)**

അമൃതവേള മുതൽ രാത്രി വരെ ബാബ നൽകിയ നിർദേശത്തിന് അനുസരിച്ച് തന്നെയാണോ നമ്മുടെ ദിനചര്യ കടന്നുപോകുന്നത്.എങ്ങനെ ഉണരണം? എങ്ങനെ നടക്കണം? ഭക്ഷണം എങ്ങനെയായിരിക്കണം? കാര്യവ്യവഹാരങ്ങൾ എങ്ങനെ ചെയ്യണം? എന്നതിനെ പ്രതിയെല്ലാം ശ്രേഷ്ഠമായ മതം ലഭിച്ചിട്ടുണ്ട്.ആ ശ്രേഷ്ഠമതം അനുസരിച്ച് തന്നെയാണോ എല്ലാ കാര്യങ്ങളും ചെയ്യുന്നത്?**(13.04.1981)**

തന്റെ ദിനചര്യയെ സെറ്റ് ചെയ്തു വെക്കൂ.ഇവിടെ മധുവനത്തിൽ നോക്കൂ.ഇവിടെ എത്ര വലിയ കാര്യമാണ് നടക്കുന്നത്.ദിനചര്യ ക്രമീകരിച്ചത് കാരണം വളരെയധികം കാര്യങ്ങളാണ് നടക്കുന്നത്.കാര്യങ്ങൾ വലുതായി കൊണ്ടിരിക്കയാണ് എന്നാൽ ദിനചര്യയുടെ ക്രമീകരണം കാരണം അതെല്ലാം വളരെ നന്നായി പോകുന്നു.കേവലം ഇക്കാര്യത്തിൽ മാത്രമാണ് ശ്രദ്ധ കൊടുക്കേണ്ടത്.രാവിലെ തൊട്ട് രാത്രി വരെയുള്ള തന്റെ പരിപാടികളുടെ ഡയറി ഫിക്സ് ചെയ്തു വെക്കണം.എന്തെന്നാൽ നിങ്ങൾ ഉത്തരവാദിത്തമുള്ള ആത്മാക്കളാണ്.ആചാരങ്ങൾക്കനുസരിച്ച് പോകുന്ന ആത്മാവല്ല.വിശ്വകല്യാണകാരി ആത്മാക്കളാണ്.വലിയ ആളുകകളുടെ ദിനചര്യ സെറ്റ് ചെയ്ത് വെക്കാറുണ്ട്.വലിയ ആളുകൾ വളരെ കൃത്യത പാലിക്കുന്നവരായിരിക്കും.കൃത്യത പാലിക്കുന്നതിനുള്ള വഴി ദിനചര്യയെ ക്രമീകരിക്കുക എന്നതാണ്.അങ്ങനെയാണെങ്കിൽ ഒരു വ്യക്തിക്ക് പത്ത് വ്യക്തികളുടെ കാര്യങ്ങൾ ചെയ്യാൻ കഴിയും.സെറ്റിംഗ് ചെയ്ത് വെച്ചാൽ വളരെയധികം ഊർജം സംരക്ഷിക്കപ്പെടും.അതിനാൽ ഒന്നിന് പകരം പത്ത് കാര്യങ്ങൾ ചെയ്യാൻ കഴിയും.ശരി സദാ സന്തുഷ്ട ആത്മാക്കൾ തന്നെയല്ലേ?സദാ ബാബയുടെ കൂടെ തന്നെയല്ലേ അതായത് സന്തോഷവാൻമാർ തന്നെയല്ലേ?ബാബയും താങ്കളും സദാ കംബയിന്റ് ആകുകയാണെങ്കിൽ വലിയ ശക്തിയായിരിക്കും ഉണ്ടായിരിക്കുന്നത്.അങ്ങനെയാണെങ്കിൽ ഒന്നല്ല ആയിരം കാര്യങ്ങൾ നിങ്ങൾക്ക് ചെയ്യാൻ കഴിയും.എന്തുകൊണ്ടെന്നാൽ ആയിരം കൈകളുള്ള ബാബയാണല്ലോ നിങ്ങളുടെ അടുത്തുള്ളത്.**(09.10.1981)**

കുമാരന്മാർ ഒരു കാര്യം ശ്രദ്ധയിൽ വെക്കണം.സദാ സ്വയത്തെ തിരക്കുള്ളതാക്കി വെക്കണം.ഒരിക്കലും വെറുതെ ഇരിക്കരുത്.ശരീരം കൊണ്ടും ബുദ്ധി കൊണ്ടും ബിസിയാകണം.ബിസിമാൻ ആകൂ ബിസിനെസ്സ്മാൻ ആകരുത്.കർമ്മങ്ങളുടെ ദിനചര്യ ക്രമീകരിക്കുന്നത് പോലെ ബുദ്ധിയുടെയും ദിനചര്യയെ ക്രമീകരിക്കണം.ഇത് ആലോചിക്കണം,ഇത് തന്നെ ചെയ്യണം.ദിനചര്യ ക്രമീകരിച്ചു വെച്ചാൽ ബുദ്ധി ബിസിയായി തീരും.ബിസിയായിരിക്കുന്നവരുടെ അടുത്തേക്ക് മായ ഒരു പ്രകാരത്തിലും യുദ്ധം ചെയ്യാൻ വരില്ല.ബുദ്ധിയെ തിരക്കുള്ളതാകി തീർക്കാനുള്ള സാധന സ്വായത്തമാക്കണം.ശരീരത്തെ ബിസിയാക്കി വെക്കുന്നത് പോലെ ഓർമ്മയുടെയുംഈശ്വരീയ ലഹരിയുടെയും അവസ്ഥയിൽ ബുദ്ധിയെ ബിസിയാക്കി വെക്കണം.അങ്ങനെയുള്ള ദിനചര്യ ഉണ്ടാക്കാൻ കഴിയുമോ? സദാകാലത്തേക്ക് വേണ്ടി നിയമം ഉണ്ടാക്കണം.മറ്റുള്ള നിയമങ്ങൾ ഉണ്ടാക്കുന്നത് പോലെ ഇവിടെയും ഒരു നിയമം ഉണ്ടാക്കണം. ഈ ദൃഢനിശ്ചയത്തിലൂടെ ഏതൊരു അഭ്യാസമാണോ ചെയ്യാൻ ആഗ്രഹിക്കുന്നത് അത് ചെയ്യൂ.**(15.05 1983)**

സദാ തന്റെ ശ്രേഷ്ഠ ജീവിതം സ്മരിക്കണം.നമ്മൾ ഓരോ കുട്ടികളും വിശ്വത്തിലെ എല്ലാ ആത്മാക്കളെക്കാളും ശ്രേഷ്ഠ പരിവർത്തനത്തിന് നിമിത്തമായിരിക്കുന്നവരാണ്.സദാ ഈ ഓർമ്മ വെക്കണം.ഇത്ര വലിയ ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള ധൈര്യമുണ്ടോ? എല്ലാ കുട്ടികളും അമൃതവേള തൊട്ട് തന്റെ സേവനത്തിൽ ഏർപ്പെടുന്നവരല്ലേ? ഏതെങ്കിലും കാര്യത്തിൽ കുറവുണ്ടെങ്കിൽ അതിനെ ഇപ്പോൾ തന്നെ ശരിയാക്കണം.താങ്കൾ എല്ലാവരുടെയും മുകളിൽ എല്ലാവരുടെയും ശ്രദ്ധയുണ്ട്.അതിനാൽ അമൃതവേള മുതൽ രാത്രി വരെ സഹജയോഗിയും ശ്രേഷ്ഠയോഗിയും ആകണം.ശ്രേഷ്ഠ ജീവിതത്തിന് വേണ്ടി ദിനചര്യ ലഭിച്ചിട്ടുണ്ട് അതിനനുസരിച്ച് എല്ലാവരും യഥാർത്ഥ രീതിയിൽ മുന്നോട്ട് പോകണം. ഈ ശ്രദ്ധ ഇപ്പോൾ തൊട്ട് ദൃഢ സങ്കൽപ്പത്തിന്റെ രൂപത്തിൽ വെക്കണം.എല്ലാവർക്കും യോഗിയുടെ ലക്ഷണം അറിയാമോ?(ബാപ്ദാദയുടെ ഓരോ ചോദ്യത്തിനും എല്ലാവരും അതെ എന്ന് ഉത്തരം പറഞ്ഞു) യോഗീ ആത്മാക്കളുടെ ഇരുത്തം,നടത്തം,ദൃഷ്ടി എങ്ങനെയായിരിക്കും?നിങ്ങൾക്കറിയാമോ?അങ്ങനെത്തന്നെയാണോ നടക്കുന്നത് അല്ലെങ്കിൽ അൽപ്പം ചഞ്ചലത വരുന്നുണ്ടോ?എല്ലാവരും യോഗീ ആത്മാക്കൾ തന്നെയല്ലേ? ഈ ലോകർ എന്താണോ ചെയ്യുന്നത് നിങ്ങൾ കുട്ടികൾ ഒരിക്കലും അത് ചെയ്യരുത്.മഹാൻ ആത്മാക്കളായ നിങ്ങൾ തികച്ചും ശാന്തസ്വരൂപരായിരിക്കണം എത്ര വലിയ ആളുകളും ശാന്തസ്വരൂപരായ നിങ്ങളെ കണ്ടിട്ട് ശാന്തത അനുഭവിക്കണം.ഇവർ സാധാരണ കുട്ടികളല്ല അലൗകികരാണ് എന്ന ബോധം അവരിൽ വരണം.നിങ്ങൾ വേറിട്ടവരും അതേ സമയം വിശേഷ ആത്മാക്കളുമാകണം.അങ്ങനെ തന്നെയാണോ നടക്കുന്നത്?ഇപ്പോൾ മുതൽ ഈ മാറ്റം കൊണ്ടുവരണം.**(15.05.1983)**

ഇന്ന് ബാപ്ദാദ തന്റെ ചെറിയ നിശ്ചിന്ത ചക്രവർത്തിമാരെ കണ്ടുകൊണ്ടിരിക്കുകയാണ്. സംഗമയുഗത്തിൽത്തന്നെ ഇത്രയും വലിയ ചക്രവർത്തിമാരുടെ സഭയാണ് ഉണ്ടായിരിക്കുന്നത്.മറ്റൊരു യുഗത്തിലും ഇത്രയും ചക്രവർത്തിമാരുടെ സഭ ഉണ്ടായിരിക്കില്ല.ഈ സമയത്താണ് നിശ്ചിന്ത ചക്രവർത്തിമാരുടെ സഭ അല്ലെങ്കിൽ സ്വരാജ്യ അധികാരികളുടെ സഭയെ കാണാൻ കഴിയുന്നത്.ചെറിയവരും വലിയവരും ഇത് മനസ്സിലാക്കുന്നു.ഞാൻ ഈ ശരീരത്തിന്റെ അധികാരിയായ ശുദ്ധാത്മാവാണെന്ന് മനസ്സിലാക്കി നടക്കുന്നു.ആത്മാവ് എന്താകുന്നു? യജമാനൻ,സ്വരാജ്യ അധികാരി.ഞാൻ ചക്രവർത്തിയാണെന്ന് ചെറിയ കുട്ടികൾ പോലും മാനിക്കുന്നു.അങ്ങനെയാണെങ്കിൽ ചക്രവർത്തിമാരുടെയും സ്വരാജ്യ അധികാരികളുടെയും സഭ എത്ര വലുതായിരിക്കും.നിങ്ങൾ ചക്രവർത്തിമാരുടെയും ചക്രവർത്തി രാജാക്കൻമാരുടെയും രാജാവ് ആകാൻ പോകുന്നവരാണ്.വർത്തമാനത്തിലെ രാജാവിൽ നിന്ന് ഭാവിയിലെ രാജാവാകുന്നു.അങ്ങനെയുള്ള രാജാക്കന്മാരെ കണ്ടിട്ട് നിശ്ചിന്ത ചക്രവർത്തിമാരെ കണ്ടിട്ട് ബാപ്ദാദയ്ക്ക് ഒരുപാട് സന്തോഷമുണ്ടാകുന്നു.ലക്ഷക്കണക്കിന് കുട്ടികൾ ചക്രവർത്തിമാരായി തീരുന്ന ഒരച്ഛൻ കല്പ്പത്തിൽ വേറെയുണ്ടാകുമോ?ആരോട് ചോദിച്ചാലും അവർ എന്താണ് പറയുന്നതെന്ന് മനസ്സിലാക്കാം.ചെറിയ കുട്ടികൾ വരെ പറയുന്നു ഞാനും ലക്ഷ്മീ നാരായണനാകുന്നു.എല്ലാവരും അങ്ങനെ തന്നെയല്ലേ മനസ്സിലാക്കുന്നത്?ബാബയ്ക്ക് തന്റെ കുട്ടികളുടെ മേൽ ഒരുപാട് വാത്സല്യം ഉണ്ട്.നിങ്ങളെല്ലാവരും ഈശ്വരീയ കുടുംബത്തിലുള്ളതാണെന്ന നിർദേശം ഈശ്വരൻ നിങ്ങൾക്ക് തരുകയാണ്.നിങ്ങൾ രാജ്യവംശികളല്ലേ? ഇന്ന് ബാപ്ദാദ ഓരോ കുട്ടികളെയും നോക്കികൊണ്ടിരിക്കുകയാണ്.ബാബയ്ക്ക് എത്രമാത്രം ഭാഗ്യശാലികളായ കുട്ടികളാണുള്ളത്.ഓരോ കുട്ടികളും ഭാഗ്യശാലികളാണ്.ഭാഗ്യത്തിന്റെ കൂടെ സമയത്തിന്റെ സഹയോഗവും ഉണ്ട്.സംഗമയുഗം വളരെ ചെറിയ യുഗമാണ് പക്ഷെ ഒരുപാട് വിശേഷതകൾ നിറയ്ക്കുന്ന യുഗം കൂടിയാണ് ഇത്.സംഗമയുഗത്തിലെ പ്രാപ്തികൾ മറ്റൊരു യുഗത്തിലും ലഭിക്കില്ല. സംഗമയുഗം ആനന്ദത്തിന്റെ യുഗമാണ്.ആനന്ദം തന്നെ ആനന്ദം.ബാബയുടെ കൂടെ അതിയായ ആനന്ദത്തിൽ ഭോജനം കഴിക്കാം.ഭാഗ്യവിധാതാവായ അച്ഛന്റെ കൂടെ കൈ പിടിച്ച് നടക്കാം.ജ്ഞാനദാതാവായ ബാബയുടെ കൂടെ ജ്ഞാനാമൃതം കുടിക്കാം.ചെയ്യിപ്പിക്കുന്ന ബാബയുടെ കൂടെ സ്വയം നിമിത്തമാണ് എന്ന് മനസ്സിലാക്കി കർമ്മങ്ങൾ ചെയ്യണം.ഉറങ്ങുകയാണെങ്കിൽ ബാബയുടെ മടിത്തട്ടിൽ ഉറങ്ങണം. ഉണരുമ്പോൾ ഭഗവാനോട് സ്നേഹ സംഭാഷണം നടത്തണം.മുഴുവൻ ദിനചര്യയിലും ബാബയും നിങ്ങളും മാത്രമായിരിക്കണം.ബാബ കൂടെയുണ്ടെങ്കിൽ ഒരിക്കലും പാപം ഉണ്ടാവില്ല.അങ്ങനെയാണെങ്കിൽ

എന്തായിരിക്കും സംഭവിക്കുക?ആനന്ദം തന്നെ ആനന്ദമായിരിക്കും.എല്ലാ കുട്ടികളുടെയും സന്തോഷം ബാബ കാണുന്നുണ്ട്.ഈ ചെറിയ ജന്മം ലഭിച്ചിരിക്കുന്നത് ആനന്ദിക്കാൻ വേണ്ടി മാത്രമാണ്.കുടിച്ചു കഴിച്ചു ഓർമ്മയുടെ ലഹരിയിലിരിക്കൂ.ഈ അലൗകിക ജന്മത്തിന്റെ ധർമ്മം അല്ലെങ്കിൽ ധാരണ ചെയ്യേണ്ടത് സന്തോഷത്തെ തന്നെയാണ്.ദിവ്യ കർമ്മമാകുന്ന സേവനത്തിന്റെ സന്തോഷത്തിൽ ഇരിക്കണം.മുഴുവൻ ലോകത്തെയും സന്തോഷമുള്ളതാക്കി തീർക്കണം.അതിനാൽ രാവിലെ തൊട്ട് രാത്രി വരെ സന്തോഷത്തിൽ മാത്രമിരിക്കൂ.നിശ്ചിന്ത ചക്രവർത്തി എന്ന ഭാവത്തോടെയായിരിക്കണം ദിനരാത്രങ്ങൾ കഴിഞ്ഞുപോകേണ്ടത്.ഇന്ന് വതനത്തിൽ നിശ്ചിന്തചക്രവർത്തിമാരുടെ സഭ കണ്ടു.ഓരോ ചക്രവർത്തിമാരും ഓർമ്മയുടെ ലഹരിയിൽ ബാബയുടെ ഹൃദയസിംഹാസനത്തിന്റെ തിലകം അണിഞ്ഞിരിക്കുകയാണ്.ശരി ഇന്ന് മിലനത്തിന്റെ ദിവസമല്ലേ അതിനാൽ തന്റെ ചക്രവർത്തിമാരുടെ മിലനത്തിനു വേണ്ടി വന്നിരിക്കുകയാണ്.**(17.05.1983)**

മനസ്സിനെ തിരക്കുള്ളതാക്കി വെച്ചാൽ തീർച്ചയായും ഉയർച്ച ഉണ്ടാകും.അൽപ്പം അലസമായി വെച്ചാൽ വ്യർത്ഥത കടന്നു വരും.സമർത്ഥമാകുന്നതിന് വേണ്ടി തീർച്ചയായും തിരക്കുള്ളവരായി തീരണം. തന്റെ ടൈം ടേബിൾ ഉണ്ടാക്കണം.ശരീരത്തിന് ടൈം ടേബിൾ ഉണ്ടാക്കുന്നത് പോലെ ബുദ്ധിക്കും ടൈം ടേബിൾ ഉണ്ടാക്കണം.ബുദ്ധിയെ തിരക്കുള്ളതാക്കി വെക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കണം. തിരക്കുള്ളതാക്കി വെക്കുകയാണെങ്കിൽ തീർച്ചയായും ഉയർച്ച മാത്രമേ ഉണ്ടാകൂ.**(08.04.1974)**

മനസ്സ്,വാക്ക്,കർമ്മം (കർമ്മത്തിൽ സംബന്ധ സമ്പർക്കവും ഉൾപ്പെടും)സ്വപ്നം കൊണ്ട് പവിത്രമായിരിക്കണം. ഇതിനെയാണ് സമ്പൂർണ്ണ പവിത്രത എന്ന് പറയുന്നത്.വളരെയധികം കുട്ടികൾ അവർ ചെറിയവരായി കൊള്ളട്ടെ വലിയവരായി കൊള്ളട്ടെ അവരിൽ ആലസ്യത ഉള്ളതിനാൽ ഇക്കാര്യങ്ങളിൽ വളരെയധികം പരിശ്രമിക്കുന്നു.എന്റെ ഭാവം അങ്ങനെയായിരുന്നില്ല പക്ഷെ അങ്ങനെ പറഞ്ഞു പോയ് എന്റെ ലക്ഷ്യം അങ്ങനെയായിരുന്നില്ല പക്ഷെ അങ്ങനെ ചെയ്തു പോയി.ഞാൻ തമാശയായിട്ടാണ് അങ്ങനെ പറഞ്ഞത് അല്ലെങ്കിൽ ചെയ്തത്.ഇതൊക്കെ ഒരു ചെയ്യിക്കലാണ് അതിനാൽ പൂജയും ഒരു ചെയ്യിക്കലായിരിക്കും.ഈ അലസത സമ്പൂർണ്ണ പൂജ്യ സ്ഥിതിയെ നമ്പർവാറിലേക്ക് കൊണ്ട് പോകുന്നു.ഇതും അപവിത്രതയുടെ സമ്പാദ്യത്തിലേക്ക് പോകുന്നു.കേൾപ്പിച്ചിട്ടില്ലേ, പൂജ്യ പവിത്ര ആത്മാക്കളുടെ അടയാളം ഇതാണ്-അവർക്ക് നാലുഭാഗത്ത് നിന്നും പവിത്രത സ്വാഭാവികമായും സഹജമായും സദാ ഉണ്ടാകും.അവർക്ക് ചിന്തിക്കേണ്ട കാര്യമില്ല അവർക്ക് വളരെ സ്വാഭാവികമായും സങ്കൽപ്പത്തിലും വാക്കിലും കർമ്മത്തിലും പവിത്രതയുടെ ധാരണ ഉണ്ടാകും.യഥാർത്ഥത്തിന്റെ ഒരർത്ഥം യുക്തിയുക്തം എന്നാണ് മറ്റൊരർത്ഥം ഓരോ സങ്കല്പവും അനർത്ഥമില്ലാതെ അർത്ഥവത്താക്കി വെക്കുക എന്നതാണ്.അങ്ങനെ പറഞ്ഞു പോയി,ചെയ്തു പോയി എന്നൊന്നും പറയരുത്.പവിത്ര ആത്മാക്കൾ സദാ തന്റെ ഓരോ കർമ്മത്തിലും ദിനചര്യയിലും യഥാർത്ഥവും യുക്തിയുക്തവുമായി കഴിയും.അതിനാൽ അവരുടെ എല്ലാ കർമ്മത്തിലും പൂജ ലഭിക്കുന്നതായിരിക്കും.ദിനചര്യയിൽ പൂർണ്ണമായും അങ്ങനെയായിരിക്കും.ഉണർന്നത് തൊട്ട് ഉറങ്ങുന്നത് വരെ ഭിന്ന ഭിന്ന കർമ്മങ്ങളുടെ ദർശനം ഉണ്ടാകും.

ബ്രാഹ്മണ ജീവിതത്തിൽ നിശ്ചയിക്കപ്പെട്ട ദിനചര്യയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും കർമ്മങ്ങൾ യഥാർത്ഥമായും നിരന്തരമായും ചെയ്തില്ലെങ്കിൽ ആ വ്യത്യാസം കാരണം നമുക്ക് കിട്ടുന്ന പൂജയിലും വലിയ വ്യത്യാസം അനുഭവപ്പെടും.അമൃതവേളയിൽ എഴുന്നേൽക്കുക എന്ന ദിനചര്യ മുടങ്ങുകയാണെങ്കിൽ നമ്മുടെ ക്ഷേത്രത്തിലെ പൂജാരിയും കൃത്യസമയത്ത് എഴുന്നേൽക്കുകയോ പൂജ നടത്തുകയോ ചെയ്യില്ല.എപ്പോഴാണോ വരുന്നത് അപ്പോൾ മാത്രമേ പൂജ ചെയ്യൂ.അമൃതവേളയിൽ ജാഗ്രതാവസ്ഥയുടെ അനുഭവം ചെയ്യുന്നില്ലെങ്കിൽ അതായത് നിർബന്ധപൂർവ്വമോ അല്ലെങ്കിൽ ഇടയ്ക്ക് ക്ഷീണിച്ചോ ഉറക്കം തൂങ്ങിയോ ആണ് ഇരിക്കുന്നതെങ്കിൽ നിങ്ങളുടെ പൂജാരിയും ആലസ്യത്തോടെയും നിർബന്ധപൂർവ്വവും ആയിരിക്കും പൂജ ചെയ്യുക.നമ്മുടെ ദിനചര്യയുടെ മുഴുവൻ കർമ്മത്തിന്റെയും പ്രഭാവം പൂജനീയ സ്ഥിതിയിലും കാണപ്പെടും.വിധിപൂർവം നടക്കാതിരിക്കുക,ഏതെങ്കിലും ദിനചര്യയിൽ സ്ഥിരത ഇല്ലാതിരിക്കുക,ഇ

തെല്ലാം അപവിത്രതയുടെ എണ്ണത്തിൽ പെടുന്നതാണ്.എന്തുകൊണ്ടെന്നാൽ അലസത വികാരം തന്നെ യാണ്.യഥാർത്ഥ കർമ്മം എല്ലാം വികാരമാണ്.അതിൽ അപവിത്രതയുടെ അംശമാണ് വരുന്നത്.ഇ ക്കാരണത്താൽ പൂജ്യ പദവിയിൽ നിന്ന് നമ്പർവാറിലേക്ക് പോകുന്നു.അതിനാൽ എന്താണ് അടിത്ത റ? പവിത്രത തന്നെയാണ്.**(17.10.1987)**

ദിവസവും കേൾക്കുന്ന റിവൈസ് കോഴ്സ് അതായത് അവ്യക്ത മുരളിയിൽ നിന്ന് മനന ശക്തി വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഏതെങ്കിലും വിശേഷ ജ്ഞാന ബിന്ദുവിനെ ധാരണ ചെയ്യുകയും നേര ത്തെ കേൾപ്പിച്ച നാല് കാര്യങ്ങളെ വിധിപൂർവം അഭ്യസിക്കുകയും വേണം.നടക്കുമ്പോഴും ഇരിക്കുമ്പോ ഴും കർമ്മം ചെയ്യുമ്പോഴും അത് സ്ഥൂല കർമ്മങ്ങളായി കൊള്ളട്ടെ അല്ലെങ്കിൽ സേവനവുമായി ബന്ധ പ്പെട്ട കർമ്മങ്ങളായി കൊള്ളട്ടെ പക്ഷെ ദിവസം മുഴുവനും മനനം ചെയ്തുകൊണ്ടേയിരിക്കണം.ബിസിന സ്സ് ആയിക്കോട്ടെ ഓഫീസിലെ ജോലി ആയിക്കോട്ടെ അല്ലെങ്കിൽ സേവാകേന്ദ്രത്തിലെ സേവനമായി ക്കൊള്ളട്ടെ പക്ഷെ എപ്പോഴെല്ലാം സമയം കിട്ടുന്നുവോ അപ്പോഴെല്ലാം മനന ശക്തിയുടെ അഭ്യാസം നി രന്തരം ചെയ്യണം.കർമ്മങ്ങൾ ചെയ്യുന്നതിന്റെ കൂടെ വേറെയും ഓർമ്മ വരും.വളരെ കുറച്ച് സമയം കൊ ണ്ട് എത്രമാത്രം അങ്ങനെയുള്ള കർമ്മം ചെയ്യുന്നുവോ അതിൽ ബുദ്ധിയുടെ പൂർണ്ണ ശ്രദ്ധ ഉണ്ടാവും.അ ങ്ങനെയല്ലെങ്കിൽ ബുദ്ധി രണ്ടുഭാഗത്തേക്കും പോകും.നമുക്ക് വളരെയധികം സമയം ലഭിക്കുന്ന അവസ രങ്ങൾ നമ്മുടെ ദിനചര്യയിൽ രേഖപ്പെടുത്തി വെക്കണം.മനന ശക്തിക്ക് വേണ്ടി വിശേഷ സമയം ലഭി ക്കുകയാണെങ്കിൽ അഭ്യാസം ചെയ്യാം എന്ന് കരുതാൻ പാടില്ല.നടക്കുമ്പോഴും ഇരിക്കുമ്പോഴുമെല്ലാം മ നനം ചെയ്യണം.അഥവാ ഏകാന്തമായിരിക്കാനുള്ള സമയം ലഭിക്കുകയാണെങ്കിൽ വളരെ നല്ലത്.വള രെ സൂക്ഷ്മതയിലേക്ക് പോയി ഓരോ ജ്ഞാനബിന്ദുവിന്റെയും സ്പഷ്ടീകരണം മനസ്സിലാക്കി അതിനെ വിസ്താരത്തിലേക്ക് കൊണ്ടുവരുമ്പോൾ വളരെയധികം സന്തോഷം ഉണ്ടാകും.ജ്ഞാനബിന്ദുക്കളുടെ ലഹ രിയിൽ സ്ഥിതി ചെയ്താൽ ഒരിക്കലും മടുപ്പ് ഉണ്ടാവില്ല.അല്ലെങ്കിൽ വീണ്ടും വീണ്ടും ആവർത്തിച്ച് കൊ ണ്ടേയിരിക്കും.ഇത് കഴിഞ്ഞു പോയല്ലോ ഇനിയെന്താണ് ചെയ്യുക എന്നൊക്കെ പറഞ്ഞു കൊണ്ടിരി ക്കും.**(10.01.1988)**

സേവനത്തിനു വേണ്ടി ചിലപ്പോൾ നിയമം അനുശാസിക്കുന്നതിലും കൂടുതൽ സമയം നാം ചെലവ ഴിക്കാറുണ്ട്.സേവനത്തിൽ മുഴുകുന്നത് വളരെ നല്ല കാര്യം തന്നെയാണ്.സേവയുടെ ബലം ലഭിക്കും.സേ വയിൽ ബിസിയാകുന്നത് കാരണം ചെറിയ ചെറിയ കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടും.ബാപ്ദാദയ്ക്ക് കുട്ടി കളുടെ സേവനത്തിൽ വളരെയധികം സന്തോഷമുണ്ട്.ധൈര്യത്തോടെ ബലിഹാരിയാകുന്നുണ്ട്.എന്നാ ൽ ഏതെങ്കിലും സേവനം ചെയ്യുന്നതനിടയ്ക്ക് നമ്മുടെ ഉയർച്ചക്ക് തടസ്സം വരുന്നുണ്ടെങ്കിൽ ആ സേവന ത്തിന്റെ സമയത്തെ അൽപ്പം കുറയ്ക്കണം.രാത്രി പന്ത്രണ്ട്,ഒരു മണി വരെ ഉണർന്നിരുന്നാൽ അമൃതവേള യിൽ ഉന്മേഷം ലഭിക്കില്ല.നിയമാനുസൃതം ആ സമയത്ത് ഇരിക്കുന്നുണ്ടാകും.എന്നാൽ ശക്തിമത്തായി രിക്കില്ല.ഓർമ്മ മുഴുവനും പകൽ ചെയ്ത സേവനത്തിനു നേരെ പോകും.സേവനത്തിന്റെ പദ്ധതികൾ ഉ ണ്ടാക്കാനും സേവനത്തെ പ്രായോഗികതയിലേക്ക് കൊണ്ടുവരാനും തീർച്ചയായും സമയം കണ്ടെത്തുക തന്നെ വേണം.എന്നാൽ രാത്രിയുടെ സമയം ഒഴിവാക്കണം.പന്ത്രണ്ട് മണിയ്ക്ക് പകരം പതിനൊന്നു മ ണിയ്ക്ക് തന്നെ ഉറങ്ങണം.അങ്ങനെ ഒരു മണിക്കൂർ സമയം ലാഭിക്കുകയാണെങ്കിൽ ശരീരത്തിന് വിശ്രമ വും അമൃതവേള നല്ലതും ബുദ്ധി ഉന്മേഷമുള്ളതും ആയി തീരും.അല്ലെങ്കിൽ സേവ ചെയ്യും പക്ഷെ ഓർമ്മ യുടെ ചാർട്ട് അത്രത്തോളം ഉണ്ടാവില്ല.ഇത് ഇങ്ങനെയാകേണ്ടതായിരുന്നു പക്ഷെ അങ്ങനെയായില്ല എന്ന സങ്കൽപ്പം ബുദ്ധിയിൽ നിരന്തരം വരും.ഈ സങ്കല്പങ്ങൾ കാരണം ബുദ്ധിക്ക് ഉന്മേഷകുറവ് അനു ഭവപ്പെടുന്നു.ബുദ്ധി വളരെ ഉന്മേഷമുള്ളതാണെങ്കിൽ രണ്ടോ മൂന്നോ മണിക്കൂർ കൊണ്ട് ചെയ്യേണ്ട കാര്യ ങ്ങൾ കേവലം ഒരു മണിക്കൂർ കൊണ്ട് പൂർണ്ണമാക്കാൻ കഴിയും.ക്ഷീണിച്ച ബുദ്ധിക്ക് ഒരുപാട് സമയം ആവശ്യമാണ്.ഇത് അനുഭവമാണല്ലോ.വളരെ ഉന്മേഷമുള്ള ബുദ്ധിയാണെങ്കിൽ ശരീരവും ആദ്ധ്യാത്മി

ക ഉയർച്ചയും വളരെ ഊർജ്ജസ്വലതയുള്ളതായി തീരും.അതായത് ഡബിൾ ഉന്മേഷമാണ് പ്രാപ്തമാകുന്നത്.ഇതിലൂടെ ഒരു മണിക്കൂറിന്റെ കാര്യം അര മണിക്കൂർ കൊണ്ട് ചെയ്യാൻ കഴിയും.

ഇതിനുവേണ്ടി സദാ തന്റെ ബുദ്ധിയെ ഉന്മേഷമുള്ളതാക്കി വെക്കാൻ ശ്രദ്ധിക്കണം.അധികം ഉറങ്ങുന്ന ശീലം പാടില്ല.എന്നാൽ ശരീരത്തിന്റെ കാര്യത്തിലും ശ്രദ്ധ വെക്കണം.ചിലപ്പോൾ സേവനത്തിന്റെ അവസരം വരാറുണ്ട്.മാസത്തിൽ രണ്ടോ നാലോ തവണ ചിലപ്പോൾ വൈകിയേക്കാം.അത് വേറെ കാര്യം എന്നാൽ ശരീരത്തിന്റെ നിയമിത രൂപത്തിന് ക്ഷീണം വരുകയാണെങ്കിൽ ഓർമ്മയുടെ കാര്യത്തിൽ വളരെ വലിയ വ്യത്യാസം അനുഭവപ്പെടും.സേവയുടെ പദ്ധതികൾ ചിലപ്പോൾ നാം ആസൂത്രണം ചെയ്യാറുണ്ട്.നാല് മണിക്കൂർ സമയമാണ് വേണ്ടതെങ്കിൽ എടുത്തോളൂ.അതുപോലെ ഓർമ്മയുടെ കാര്യത്തിലും സമയം നിശ്ചയിച്ച് വെക്കണം.ഇതിനെ അത്യാവശ്യമാണെന്ന് മനസ്സിലാക്കി ഈ വിധിയിലൂടെ നമ്മുടെ പരിപാടികൾ ആസൂത്രണം ചെയ്യണം.നമ്മുടെ പരിപാടികൾ ആസൂത്രണം ചെയ്യണം.ക്ഷീണമില്ലെങ്കിൽ കൂടിയും ശരീരത്തിന് വിശ്രമം കൊടുക്കണം.ഈ വിധിയിലൂടെ മുന്നോട്ട് പോകണം.എന്തുകൊണ്ടെന്നാൽ ദിനംപ്രതി സേവനത്തെ വളരെ തീവ്രഗതിയിൽ മുന്നോട്ട് കൊണ്ടു പോകാനുള്ള സമയമാണ് വരുന്നത്.താങ്കൾ കരുതാറുണ്ട് ഈയൊരു വർഷത്തെ കാര്യങ്ങൾ കഴിഞ്ഞു പോയാൽ പിന്നീട് വിശ്രമം എടുക്കുകയും ഓർമ്മയെ വർദ്ധിപ്പിക്കുകയും ചെയ്യാം എന്നൊക്കെ.എന്നാൽ ദിവസം കഴിയുന്തോറും സേവനം പുതിയ രീതിയിൽ വർദ്ധിക്കുകയാണ് ചെയ്യുന്നത്.ഇതിനാൽ സദാ ബാലൻസ് ചെയ്യണം.അമൃതവേള വളരെ ഉന്മേഷത്തോടെയിരിക്കുകയും അതിനനുസരിച്ച് കർമ്മങ്ങൾ സമയപ്രമാണം ചെയ്യുകയുമാണെങ്കിൽ ബാബയിൽ നിന്ന് ആശിർവാദം അധികമായി ലഭിക്കും.മാത്രമല്ല ബുദ്ധി ഉന്മേഷത്തോടെയിരിക്കുന്നത് കാരണം വളരെ പെട്ടെന്ന് തന്നെ കാര്യങ്ങൾ സഫലതയോട് കൂടി ചെയ്യാൻ സാധിക്കും.മനസ്സിലായില്ലേ?

ബാപ്ദാദ കാണുന്നുണ്ട് കുട്ടികളിൽ വളരെയധികം ഉത്സാഹമുണ്ട്.അതിനാൽ ശരീരത്തെ കുറിച്ച് പോലും ചിന്തിക്കുന്നില്ല.ഉത്സാഹത്തോട് കൂടി മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്.എന്നാലും തീർച്ചയായും ബാലൻസ് വെക്കണം.ചിലപ്പോൾ വളരെയധികം കാര്യങ്ങൾ ചെയ്യേണ്ടി വരും അപ്പോൾ ബുദ്ധി ക്ഷീണിക്കുകയും ആഗ്രഹിക്കുന്നത്രയും ചെയ്യാൻ കഴിയാതെ വരുകയും ചെയ്യും.വളരെയധികം കാര്യങ്ങൾ ചെയ്യുന്നത് കാരണം എവിടെ നിന്നെങ്കിലും അൽപ്പം ഇളക്കം ഉണ്ടായാൽ നമ്മുടെ ക്ഷീണം കാരണം പെട്ടെന്ന് കോപിക്കും.അതിലൂടെ സന്തോഷം കുറയുന്നു. ഉള്ളിനെ ശരിയാക്കി വെക്കുകയാണെങ്കിൽ സേവയുടെ ബലവും ലഭിക്കും സന്തോഷവും ലഭിക്കും.എന്നാലും ശരീരം പഴയതല്ലേ അതിനാൽ ടൂ മച്ചിലേക്ക്(അത്യധികം) പോകരുത്.ബാലൻസ് വെക്കണം.ഓർമ്മയുടെ യാത്രയിൽ ക്ഷീണത്തിന്റെ പ്രഭാവം ഉണ്ടാവരുത്.സേവയിലോ മറ്റു കാര്യങ്ങളിലോ ഒരുപാട് തിരക്കിലാണെങ്കിൽ പോലും ക്ഷീണമകറ്റുന്നതിന് വേണ്ടി ഒന്നോ രണ്ടോ മണിക്കൂർ കൂടുമ്പോൾ ഒരു നിമിഷം തീർച്ചയായും ശക്തിശാലി സ്ഥിതിയിൽ ഇരിക്കണം.ശരീരം ദുർബലമാകുമ്പോൾ ശരീരത്തിന് ശക്തി കിട്ടുന്നതിന് വേണ്ടി ഡോക്ടർമാർ രണ്ടു മണിക്കൂർ ഇടവിട്ട് ശക്തിയുടെ മരുന്ന് കുടിപ്പിക്കാറുണ്ട്.അതുപോലെ ഇടയ്ക്കിടയ്ക്ക് ഒരു നിമിഷം ശക്തിശാലി ഓർമ്മയിൽ ഇരിക്കുകയാണെങ്കിൽ എ,ബി,സി തുടങ്ങിയ എല്ലാ വിറ്റാമിനുകളും വന്നു ചേരും

എന്തുകൊണ്ടാണ് ശക്തിശാലിയായ ഓർമ്മ വരാത്തത്?ബാബ നിങ്ങളുടേതാണ് ബാബയോട് സർവ്വ സംബന്ധവും ഉണ്ട്.ഹൃദയത്തിൽ നിന്നുള്ള സ്നേഹവും ഉണ്ട്.അറിവുള്ളവരാണ്.കൂടാതെ സർവ്വ പ്രാപ്തികളുടെ അനുഭവവും ഉണ്ട്.എന്നിട്ടും എന്താണ് ശക്തിശാലിയായ ഓർമ്മ സദാ നിലനിൽക്കാത്തത്? അതിന്റെ കാരണം എന്താണ്?ഓർമ്മയുടെ ബന്ധം വെക്കുന്നില്ല.ബന്ധം മുറിഞ്ഞു പോകുന്നു.അതിനാൽ വീണ്ടും അത് യോജിപ്പിക്കാൻ വളരെയധികം സമയവും പ്രയത്നവും വേണ്ടി വരുന്നു.അപ്പോൾ ശക്തിശാലിയാകുന്നതിന് പകരം ദുർബലരായി തീരുന്നു.വിസ്മൃതി ഉണ്ടാവരുത് ഓർമ്മയുണ്ടാവണം.സദാ ശക്തിശാലിയായ ഓർമ്മ സ്ഥിരമായി ഉണ്ടാവുന്നതിന് ഒരിക്കലും ഈ ബന്ധം മുറിയാൻ പാടില്ല.എല്ലാ

സമയത്തും ബുദ്ധിയിൽ ഓർമ്മയുടെ ബന്ധം നിലനിർത്തണം.അതിന്റെ വിധിയാണ് ഇത്.ഇത് തീർച്ചയായും മനസ്സിലാക്കണം.ആ ജോലി ആവശ്യമാണെന്ന് മനസ്സിലാക്കുന്നത് പോലെ ഈ ജോലിയും പൂർത്തിയാക്കിയേ എഴുന്നേൽക്കാവൂ.ഇതിനു വേണ്ടി സമയവും ഊർജ്ജവും ചെലവഴിക്കണം.അതുപോലെ ഇതും ആവശ്യമാണ് ഇത് ആദ്യം ചെയ്തതിന് ശേഷം പിന്നീട് ഓർമ്മിക്കാം എന്ന് കരുതരുത് ഇതിനു വേണ്ടിയുള്ള സമയം ആദ്യം തന്നെ നമ്മുടെ പരിപാടിയിൽ ഉൾപ്പെടുത്തണം.സേവനത്തിനു വേണ്ടി രണ്ടു മണിക്കൂർ മാറ്റി വെക്കുന്നത് പോലെ ചിലപ്പോൾ മീറ്റിംഗ് ആയിക്കോട്ടെ അല്ലെങ്കിൽ മറ്റു വല്ല പ്രായോഗിക പരിപാടികൾ ആയിക്കോട്ടെ അതിന്റെ കൂടെ ഇതും ഉൾപ്പെടുത്തണം.അങ്ങനെയാണെങ്കിൽ ഒരു മണിക്കൂറിന്റെ പരിപാടി അര മണിക്കൂർ കൊണ്ട് തീരും.ചെയ്തു കാണിക്കൂ.ഉന്മേഷത്തോടെ കണ്ണു തുറന്നിരിക്കുന്നത് വേറെ കാര്യം.പ്രവർത്തനങ്ങൾ കാരണം ഉണർന്നിരിക്കുകയാണെങ്കിൽ തീർച്ചയായും അതിന്റെ പ്രഭാവം ശരീരത്തിനുണ്ടാകും.ഇതിനാൽ ബാലൻസിന്റെ കാര്യത്തിൽ സദാ ശ്രദ്ധ വെക്കണം.

കുട്ടികൾ ഇത്രയും തിരക്കുള്ളതായി കാണുമ്പോൾ ഇവരുടെ നെറ്റിയിൽ തടവി കൊടുക്കണം എന്ന് ബാപ്ദാദ കരുതുകയാണ്.എന്നാൽ സമയം ഉണ്ടാവുകയാണെങ്കിൽ വതനത്തിൽ ബാപ്ദാദ തടവി കൊടുക്കുകയും ചെയ്യും.അത് അലൗകികമായിരിക്കും ഒരിക്കലും അത് ലൗകികമായിരിക്കില്ല.അതിലൂടെ തികച്ചും ഉന്മേഷമുള്ളവരായി തീരും.ഒരു നിമിഷത്തെ ശക്തിശാലിയായ ഓർമ്മ ശരീരത്തെയും മനസ്സിനെയും ഉന്മേഷമുള്ളതാക്കി തീർക്കുന്നു.ബാബയുടെ വതനത്തിലേക്ക് പോകൂ ഏതൊരു സങ്കൽപ്പവും പൂർണ്ണമാകുന്നതാണ്.ശരീരത്തിന്റെയോ ബുദ്ധിയുടെയോ ക്ഷീണമായിക്കൊള്ളട്ടെ അല്ലെങ്കിൽ സ്ഥിതിയുടെ കുറവായി കൊള്ളട്ടെ ബാബ നിങ്ങളുടെ എല്ലാ ക്ഷീണവും ഇല്ലാതാക്കാൻ വന്നിരിക്കുകയാണ്. **(20.02.1988)**